"ബ്രഹ്മവിദാപ്നോതി പരം"

# ജ്ഞാനപ്രഭ


| പുസ്തകം 2 | 1964 മേയ് 1 | ലക്കം 7 |
|---|---|---|


വേദാഹമേതം പുരുഷം മഹാന്തം
ആദിത്യവര്‍ണ്ണം തമസഃ പരസ്താത് ।
തമേവ വിദിത്വാതി മൃത്യുമേതി
നാന്യഃ പന്ഥാ വിദ്യതേഽയനായ ॥

ശ്വേതാശ്വതരോപനിഷത് 3_8.

അന്ധകാരത്തിനുമപ്പുറത്തായി സൂര്യനെപ്പോലെ ശോഭിച്ചുകൊണ്ടിരിക്കുന്നതായ ഈ പുരുഷനെ ഞാന്‍ സാക്ഷാത്കരിച്ചിട്ടുണ്ട്. ഈ സാക്ഷാത്കാരംകൊണ്ടു മാത്രമേ ഏതൊരാളും മൃത്യുവെ തരണം ചെയ്യുവാന്‍ സാധിക്കയുള്ളു. ജനനമരണങ്ങളില്‍നിന്നും സ്വാതന്ത്ര്യം നേടുവാന്‍ വേറൊരു മാര്‍ഗ്ഗവും ഇല്ലതന്നെ.


ഒററപ്രതി വില: 0_40. വാര്‍ഷികവരിസംഖ്യ: 4_50.

# വിഷയവിവരം


1. "അശാന്തസ്യ കുതഃ സുഖം" 1

2. ശ്രീശുകരുടെ ജ്ഞാനനിഷ്ഠയും നിർവൃതിയും 2
—സ്വാമി പൂർണ്ണാനന്ദതീർത്ഥ

3. മായ 6
—സ്വാമി ആത്മാനന്ദ

4. അമരവാണി 11

5. ആത്മജ്ഞാനോപദേശവിധി 12
—സ്വാമി ഹരിഹരാനന്ദസരസ്വതി

6. ലഘുവാസുദേവമനനം 18
—സ്വാമി പുരുഷോത്തമതീർത്ഥ

7. ഉത്തരഖണ്ഡപര്യടനം 24
—സ്വാമി ദയാനന്ദതീർത്ഥ

8. ജ്ഞാനാശ്രമവാർത്തകൾ 32



ജ്ഞാനാശ്രമം, P. O. പാർളിക്കാട്,
വടക്കാഞ്ചേരി, തൃശ്ശൂർ ഡിസ്ട്രിക്ട്,
കേരളാ സ്റ്റേററ്.

"ബ്രഹ്മവിദാപ്നോതി പരം"

# ജ്ഞാനപ്രഭ

ന കർമ്മണാ ന പ്രജയാ ധനേന
ത്യാഗേനൈകേ അമൃതത്വമാനശുഃ.

| | | |
|---|---|---|
| പുസ്തകം 2 | 1964 മേയ് 1 | ലക്കം 7 |

## "അശാന്തസ്യ കുതഃ സുഖം"

ശാന്തിയില്ലാത്തവനു് സുഖം എവിടെ? പരമപാവനയും ഹിമശീതളയുമായ "ശാന്തി"യൊന്നു മാത്രമാണു് "സുഖ"ത്തിലേയ്ക്കുള്ള രാജപാത. അതിനെ തേടിപ്പിടിക്കലാണു് സുഖമിച്ഛിക്കുന്ന മനുഷ്യന്റെ കർത്തവ്യം.

സുഖം തേടി പരക്കംപായുകയാണു് സ്വാർത്ഥിയായ മനുഷ്യൻ. ഈ പരക്കംപാച്ചിലിൽ അവന്റെ അജ്ഞത, ശാന്തിയെ ചവുട്ടി അരച്ചു കളയുന്നു. തന്റെ സുഖത്തിനുപകരിക്കുമെന്നു കരുതുന്ന ലോകഭോഗങ്ങളെ നേടാൻ വിദ്വേഷത്തേയും, ഹിംസയേയും അഴിച്ചു വിടുന്നു. അശാന്തി കരാളനൃത്തമാടുന്നു. രാഷ്ട്രങ്ങൾ തമ്മിൽ—ജനത തമ്മിൽ—സമുദായങ്ങൾ തമ്മിൽ—മതങ്ങൾ തമ്മിൽ—വ്യക്തികൾ തമ്മിൽ, അസഹിഷ്ണുതയോടെ പരസ്പരം തുറിച്ചു നോക്കിക്കൊണ്ടിരിക്കയാണിന്നു്. മനുഷ്യൻ എമ്പാടും അശാന്തനാണു്, അസുഖിയാണു്.

അനിയന്ത്രിതമായ അന്തഃകരണവും, ആത്മജ്ഞാനമാർഗ്ഗത്തോടുള്ള പരാങ്മുഖതയുമാണീനില വരുത്തിത്തീർക്കുന്നതു്. സമഭാവനയിലൂടെ ലോകഹിതരുചി കൈവരുത്തുകയാണു് മനുഷ്യൻ ചെയ്യേണ്ടതു്. ഇച്ഛാദ്വേഷങ്ങളാണു് അവന്റെ ആജന്മശത്രുക്കൾ. അവയെ ത്യജിക്കുക. ഹർഷവിഷാദങ്ങളാൽ ഉലയ്ക്കപ്പെടാത്ത പരമശാന്തിയെ കൈവരിക്കുക. അനന്തമായ സൗഖ്യമവിടെയുണ്ടു്.

# ശ്രീശുകരുടെ ജ്ഞാനനിഷ്ഠയും നിർവൃതിയും—

(സ്വാമി പൂർണ്ണാനന്ദതീർത്ഥ)

[തുടർച്ച]

വളരെ ലഘുവായി മാത്രം മഴ പെയ്യുമ്പോൾ കൊക്കിനെ ഊർദ്ധ്വമുഖമാക്കിപ്പിടിച്ച് അതിൽ വീഴുന്നതായ അഞ്ചോ ആറോ വെള്ളത്തുള്ളികളെ മാത്രം വിഴുങ്ങി തൊണ്ട നനയ്ക്കുന്നതുകൊണ്ട് വേഴാമ്പൽ തൃപ്തിപ്പെടുന്നുവോ? ഇല്ല. ആ സ്വല്പമാത്രമായ ജലപാനത്താൽ ലഭ്യമാകുന്ന തൃപ്തി അതിന്റെ ദാഹതാപത്തോടു താരതമ്യപ്പെടുത്തിനോക്കുമ്പോൾ എത്രയോ അഗണ്യവും നിസ്സാരവുമാണ്. അപ്രകാരംതന്നെയാണ് ശ്രവണമനനങ്ങൾ മാത്രം കഴിച്ച് അതിന്നപ്പുറം നിദിധ്യാസന സമാധികളിൽ കാലെടുത്തു വയ്ക്കാതെ ഇരിക്കുന്ന വേദാന്തികളുടെ നിലയും. അവരെവിടെ ആനന്ദസാഗരത്തിൽ നിമഗ്നരായി ബ്രഹ്മാനന്ദ പൂരിതരാകുന്നു? അവരിൽ ഉളവാകുന്ന മനനജന്യമായ ചിത്തപ്രസാദത്തിന്റെ ലാഞ്ഛനം ബ്രഹ്മാനന്ദസാഗരത്തിലെ തിരമാലകളിൽനിന്നു തെറിച്ചുയരുന്ന ചില തുള്ളികൾ മാത്രമാണ്. എങ്ങിനെയായാലും ആ സ്വച്ഛസുഖത്തിന്റെ (ചിത്തപ്രസാദത്തിന്റെ) രുചി അവരെ വിഷയസുഖഭോഗങ്ങളിൽ വിമുഖരാക്കിത്തീർക്കുന്നു. മനസ്സിന്റെ ചപലത, അതായതു വിഷയങ്ങളുടെ പുറകെയുള്ള ഓട്ടം, അവരെ വിട്ടുമാറുന്നു. ചാതകത്തിന്നു ലഭിക്കുന്ന മഴത്തുള്ളികളെപ്പോലെ അനിശ്ചിതവും ദുർലഭവും അത്യധികം ചഞ്ചലവും, ഭൂരിഭംഗവും (സദാ ഇടമുറിഞ്ഞുകൊണ്ടിരിക്കുന്നതും) ആയ ഇന്ദ്രിയഭോഗങ്ങളിൽനിന്നു മനസ്സ് പിൻവലിയുന്നു.

ശ്രീശുകനും അപ്രകാരമാണുണ്ടായതു്. "കേവലം വിരരാമാസ്യ ചേതോ വിഗതചാപലം." അദ്ദേഹത്തിന്റെ മനസ്സ് വിഷയചാപല്യങ്ങളിൽനിന്നു വിമുക്തമായി സ്വല്പം മാത്രം വിരാമത്തെ പ്രാപിച്ചു.

ഇത്തരം മനോവിരാമം അപരോക്ഷ ജ്ഞാനത്താൽ സിദ്ധിക്കുന്ന ബ്രഹ്മ നിർവൃതിയേക്കാളും എത്രയോ താണനിലയിലുള്ളതാണ്.

ഏകദാ സോ/മലപ്രജ്ഞോ മേരാവേകാന്തസുസ്ഥിതം
പപ്രച്ഛ പിതരം ഭക്ത്യാ കൃഷ്ണദ്വൈപായനം മുനിം. 7
സംസാരാഡംബരമിദം കഥമഭ്യുത്ഥിതം മുനേ
കഥം ച പ്രശമം യാതി കിയത് കസ്യ കദേതി വാ. 8

വിഷയവൈതൃഷ്ണ്യത്താൽ വന്നു ചേർന്നതായ മനസ്സിന്റെ അല്പ ശാന്തിയാൽ ഋഷികുമാരനായ ശുകന്നു സംതൃപ്തി വന്നതേയില്ല. ആത്മ സംതൃപ്തി നേടുവാനായി എന്താണ് വേണ്ടതു് എന്ന ശുദ്ധ വിചാര ത്തിൽ നിമഗ്നനായ ആ ഋഷിബാലൻ ഒരു ദിവസം തന്റെ പിതാ വായ കൃഷ്ണദ്വൈപായനൻ (വേദവ്യാസൻ) മഹാമേരുപർവ്വതത്തിൽ ഏകാന്ത തപസ്സനുഷ്ഠിക്കുന്ന അവസരം നോക്കി ഭക്തിപുരസ്സരം ആ ഋഷിശ്രേഷ്ഠനോടു താഴെ പറയുന്ന പ്രകാരം ചോദിച്ചു.

“ഹേ മഹാമുനേ! എന്റെ മനസ്സിനെ ചില അദ്ധ്യാത്മസംശയ ങ്ങൾ അലട്ടിക്കൊണ്ടിരിക്കുന്നു. അതായതു് ഈ സംസാരാഡംബരം എങ്ങിനെയാണ് ഉല്പന്നമായതു്? ദ്വൈതബോധത്താൽ പീഡിതരാ യിട്ടു് മനുഷ്യർ, വിഷയോന്മുഖരായി കത്തിജ്വലിക്കുന്ന അഗ്നിയിലേ യ്ക്കു് ഇയ്യാംപാററകൾ എന്നപോലെ, എന്തു കാരണത്താലാണ് ലോക സുഖങ്ങളുടെ നേരെ പാഞ്ഞടുക്കുന്നതു്? ഈ ദൃശ്യപ്രപഞ്ചത്തേയും അതിലെ ക്ഷണഭംഗുരങ്ങളായ വസ്തുക്കളേയും കണ്ടു് അവ വാസ്തവങ്ങ ളാണെന്നു മനസ്സിലുറച്ചു് അവയിൽ ഭ്രമിച്ചു്, നാടകങ്ങളിലെ നടീന ടന്മാരെന്നവണ്ണം പ്രപഞ്ചാഡംബരത്താൽ വലയിതരായിട്ടു ലോക ത്തിൽ വിവേകം ഒട്ടുംതന്നെയില്ലാതെ ജീവിക്കുന്നുണ്ടല്ലോ. അതിന്നു കാരണമെന്തു്? ഈ വഞ്ചനാത്മകമായ—അതായതു കൃത്രിമമായ, പ്രപ ഞ്ചസ്ഫുരണം ഏതൊരു പ്രകാരത്തിലാണ് ആദ്യമായി ആരംഭിച്ചതു്? ഈ കൃത്രിമാഡംബരത്തിന്റെ ഉപശാന്തി എപ്പോൾ, എവിടെവച്ചു്, എങ്ങിനെ ഉണ്ടായിത്തീരും? ആർക്കാണ് ഈ വിധം സംസാരഭ്രാന്തി വന്നുചേർന്നിട്ടുള്ളതു്, ദേഹത്തിനോ, ഇന്ദ്രിയങ്ങൾക്കോ, പ്രാണനോ, മനസ്സിനോ, ബുദ്ധിക്കോ അതോ ഇതുകൾക്കെല്ലാം അപ്പുറത്തിരിക്കുന്ന ആത്മാവിനോ?”

ഇതി പൃഷ്ടേന മുനിനാ വ്യാസേനാഖിലമാത്മജേ
യഥാവദമലം പ്രോക്തം വക്തവ്യം വിദിതാത്മനാ. 9

ആത്മജ്ഞാനിയായ തന്റെ പിതാവിനോടു ശുകൻ മേൽപറഞ്ഞ പ്രകാരം സംശയം ചോദിച്ചപ്പോൾ, ആ ഋഷിവര്യൻ, തന്റെ പുത്രന്നു്, പ്രതിപാദിക്കുവാൻ സാധ്യമായതും ജ്ഞാനസമ്പാദനത്തിന്നു പ്രയോജനപ്പെടുന്നതുമായ ശുദ്ധ വേദാന്തത്തെ വ്യക്തമായരീതിയിൽ ഉപദേശിച്ചു കൊടുത്തു. ജ്ഞാനത്തെ വേറൊരുവന്നു പകുത്തു കൊടുപ്പാനോ പകർത്തിക്കൊടുപ്പാനോ സാധിക്കുകയില്ലല്ലോ. അവിദ്യാബാധയെ കാര്യകാരണങ്ങളോടെ വിവരമായി പറഞ്ഞുകൊടുത്തു്, തന്നിവർത്തകമായ ജ്ഞാനനിഷ്ഠയെ ഉപദേശിക്കുവാൻ മാത്രമല്ലെ ഏതൊരു ജ്ഞാനിക്കും സാധ്യമാകുകയുള്ളു. ഗ്രഹിച്ച തത്വത്തേയും, തൽസംബന്ധിയായ നിഷ്ഠയേയും നിദിദ്ധ്യാസനസമാധി അഭ്യാസങ്ങളാൽ സാക്ഷാൽക്കരിക്കേണ്ടതു സാധകരുടെ കർത്തവ്യം മാത്രമാണു്. ഋഷി കുമാരനായാലും, വെറും പാമരനായാലും, ജ്ഞാനം വേണമെങ്കിൽ അവർ തീർച്ചയായും മേൽപറഞ്ഞ നിയമത്തിന്നു വിധേയരായിത്തന്നെ പ്രവർത്തിക്കണം. ശുകനും അതിന്നു വിധേയനാണെന്നാണു് ഋഷിയായ പിതാവു് അദ്ദേഹത്തോടു പറഞ്ഞതു്.

ആജ്ഞാസിഷം പൂർവ്വമേതത് അഹമിത്യഥതത് പിതുഃ
സ ശുകഃ ശുഭയാ ബുദ്ധ്യാ ന വാക്യം ബഹുമന്യത. 10

ശുദ്ധ മനസ്സനും കൂർമ്മബുദ്ധിയുമായ ശ്രീശുകൻ തന്നത്താനെ ചിന്തിച്ചുനോക്കി അദ്ധ്യാത്മജ്ഞാനത്തിന്റെ സർവ്വവശങ്ങളും നല്ലപോലെ മനസ്സിലാക്കിയിട്ടുണ്ടായിരുന്നു. അതിനാൽ ആ ബാലൻ പിതാവു പറഞ്ഞുകൊടുത്ത ഉപദേശങ്ങളെ ബഹുമാനിച്ചതുതന്നെ ഇല്ല. "പിതാവു് ഇപ്പോൾ പറഞ്ഞുതന്നതിൽ പുതിയതായി യാതൊന്നുമില്ലല്ലോ. ഇതെല്ലാം ഞാൻ സ്വയമേവ ഗ്രന്ഥങ്ങൾ നോക്കിയും ചിന്തിച്ചും മനസ്സിലാക്കിയിരിക്കുന്ന തത്വങ്ങളാണല്ലോ. ഞാൻ നൈസർഗ്ഗികമായിതന്നെ ശുദ്ധബുദ്ധിയോടും, പവിത്രമനസ്സോടും, വിഷയാഭിലാഷത്തിന്റെ സ്പർശംപോലും ഇല്ലാതേയും, ഇരിക്കുന്നവനാണല്ലോ. ഇതാണു് ജ്ഞാനാഭ്യാസമെങ്കിൽ ഞാൻ ജ്ഞാനിതന്നെയാണു്" എന്നെല്ലാമായിരുന്നു ശുകന്റെ വിചാരം. അദ്ദേഹത്തിന്നതുകൊണ്ടു പുതുമയാതൊന്നുമില്ലാത്ത പിതൃവചനത്തിൽ ആദരവുതന്നെ ഉണ്ടായില്ല.

വേദാന്തശ്രവണമനനാദികഠം മാത്രം നിവൎത്തിച്ചു് അതിന്നപ്പുറം പുരോഗമിക്കാത്ത മനുഷ്യരുടെ ഗതിയും ഇതുതന്നെയാണു്. അവൎക്ക് ശുദ്ധമായ വേദാന്തവിചാരംകൊണ്ടു് ഒട്ടേറെ മനഃശുദ്ധി വന്നിട്ടുണ്ടാകാം. അഹങ്കാരസ്ഫുരണങ്ങളുടെ നാശവും വന്നിട്ടുണ്ടാകാം. ചിത്തത്തിന്നു യാതൊരലട്ടും കൂടാത്ത "പ്രസാദവും" വന്നിട്ടുണ്ടാകാം. എന്നാൽ ഇതെല്ലാം അപരോക്ഷ ജ്ഞാന സക്ഷാൽക്കാരം, അഥവാ ബ്രഹ്മാനുഭൂതിയിലേയ്ക്കുള്ള ഗോപുരദ്വാരം മാത്രമാണു്. അതിന്നകത്തു കയറി പിന്നേയും കുറേ പോയാലെ അനുഭൂതിയാകുന്ന ഗൎഭഗൃഹത്തിലെത്തുകയുള്ളു. ചിത്തപ്രസാദനിലയിൽ എത്തിയിട്ടുള്ളവരിൽ പലരും അതിന്നപ്പുറം അനുഭൂതി വേറെയുണ്ടെന്നറിയാത്തതുകൊണ്ടും, ചിത്തപ്രസാദത്താൽ സിദ്ധമാകുന്ന മനശ്ശാന്തിയിലുള്ള അഭിരുചികൊണ്ടും അവിടെത്തന്നെ സ്തംഭിച്ചു പോകാറുണ്ടു്. അവരിൽ പലൎക്കും അനുഭൂതിയെപ്പററി കേഠക്കുമ്പോഠ അലക്ഷ്യതയും അവഗണനയും വന്നുപോകാറുണ്ടു്. വേദാന്തവിചാരജന്യമായ ചിത്തപ്രസാദമെവിടെ; അന്തൎമ്മുഖസമാധി അഭ്യസിച്ചാൽ (നിദിദ്ധ്യാസനം, സമാധി അഭ്യാസം) സിദ്ധമാകുന്ന ബ്രഹ്മാനുഭൂതി എവിടെ? അരുണോദയത്തിലെ അല്പപ്രകാശം എവിടെ, സൂൎയ്യോദയത്തിലെ തിമിരനാശവും ജ്യോതിഃപ്രസരവും എവിടെ? സാധകരേ! ചിന്തിപ്പിൻ. ഇത്തരം കഥകഠ ഋഷിമാർ എഴുതിവച്ചിരിക്കുന്നതുതന്നെ, ഓടിപ്പോകുന്ന പശുവിന്നു കടമ്പകളും, വേലികളും എന്നവണ്ണം സാധകരുടെ അന്തഃകരണത്തിൽത്തന്നെ സ്ഥിതിചെയ്യുന്ന മേൽപറഞ്ഞ തടസ്ഥങ്ങളെ തരണം ചെയ്യുവാനുള്ള മാൎഗ്ഗങ്ങളെ പററി അവരെ ധരിപ്പിക്കാനാണു്. കേവലം വാചാലവേദാന്തികളായിരിക്കരുതേ! അതീവ ശാസ്ത്രവാസന തന്നെ എത്രയും അപകടകരമാണു്. ശാസ്ത്രജ്ഞാനം ജ്ഞാനനിഷ്ഠയെ സുഗമമാക്കാനും, സുലഭമാക്കാനുമാകുന്നു. വേദാന്തത്തിൻെറ പൊരുഠ അറിഞ്ഞതിന്നു ശേഷം "ഭൂയോ വിചാരോ മതിദുർബലത്വം" പിന്നീടും വിചാരം മാത്രം ചെയ്തുകൊണ്ടിരിക്കുന്നതു ബുദ്ധിയുടെ ബലഹീനതയാണു്.

തൻെറ പുത്രന്നു താൻ കൊടുത്ത ഉപദേശത്തിന്മേൽ അവഗണനയും അനാദരവും ആണു് ഉണ്ടായിട്ടുള്ളതു് എന്നു വേദവ്യാസർ മനസ്സിലാക്കി. നിരഹങ്കാരിയും ജ്ഞാനകുശലനും ആയ അദ്ദേഹം ഒരു ക്ഷണനേരം ചിന്തിച്ചുനോക്കി പുത്രൻെറ പ്രബോധോദയത്തെ മാത്രം അഭിലഷിച്ചുകൊണ്ടു താഴെ ചേൎക്കുന്നപ്രകാരം പറഞ്ഞു

# മായ

## (സ്വാമി ആത്മാനന്ദ)

സയൻസ് ബാഹ്യമായ ലോകത്തെ വിശകലനം ചെയ്ത് അതിന്റെ ഫലമായി കണ്ടുപിടിക്കപ്പെട്ട തത്വങ്ങളെ പ്രഖ്യാപിക്കുന്നു. വേദാന്തത്തിന്റെ കൃത്യമാകട്ടെ ബാഹ്യവിശകലനമല്ല. മനുഷ്യനെ അന്തർമുഖനാക്കി അന്തരംഗവിഷയങ്ങളെ വിശകലനം ചെയ്തു കണ്ടെത്തുന്ന മഹാതത്വങ്ങളെ പ്രഖ്യാപിക്കുന്ന ഒരു ഉത്കൃഷ്ട ശാസ്ത്രമാണ് വേദാന്തം. ആത്മീയശാസ്ത്രമാണതു്. ഇങ്ങിനെ ആത്മീയശാസ്ത്രമായതുകൊണ്ടു്അതിനെ നാനാരാജ്യങ്ങളിലുമുള്ള എല്ലാ മതാനുയായികൾക്കും സയൻസുപോലെതന്നെ സ്വീകാര്യമാവേണ്ടതുമാണ്".

---

വ്യാസോപി ഭഗവാൻ ബുദ്ധ്വാ പുത്രാഭിപ്രായമീദൃശം
പ്രത്യുവാച പുനഃ പുത്രം നാഹം ജാനാമി തത്വതഃ. 11

ജനകോ നാമ ഭൂപാലോ വിദ്യതേ വസുധാതലേ
യഥാവത് വേത്യസൌ വേദ്യം തസ്മാത് സർവ്വമവാപ്സ്യസി. 12

പുത്രാഭിപ്രായത്തെ നല്ലപോലെ മനസ്സിലാക്കിയ വേദവ്യാസർ ശുകനോടു പറഞ്ഞ മറുപടി ഇപ്രകാരമാണ്. "മകനേ! എനിക്കു വേദാന്തത്തിന്റെ സൂക്ഷ്മമായ തത്വം നല്ലപോലെ അറിഞ്ഞുകൂടാ. എന്നാൽ ജനകൻ എന്ന പേരുള്ള ഒരു രാജാവ് ഭൂമിയിൽ രാജ്യഭരണം നടത്തിക്കൊണ്ടിരിക്കുന്നുണ്ടു്". അദ്ദേഹം ഉത്തമനായ ഒരു മഹാജ്ഞാനിയാണ്. ശ്രോത്രിയനും ബ്രഹ്മനിഷ്ഠനും ആയതുകൊണ്ടു വേദാന്തത്തിന്റെ സർവ്വവശങ്ങളും, അതായതു സർവ്വശാസ്ത്രഭാഗങ്ങളും, അനുഷ്ഠാന രീതികളും യഥാക്രമം അറിയുന്നയാളുമാണ്. അദ്ദേഹത്തിന്റെ സമീപം പോയി ഇനി അറിയേണ്ടതെല്ലാം അറിഞ്ഞു പോരുന്നതാണ് നല്ലതു്. എനിക്കു് ഇതിന്നപ്പുറം അറിഞ്ഞുകൂടാ.

(തുടരും)

വേദാന്തം പ്രതിപാദിക്കുന്ന അവസരത്തിൽ അവശ്യം അറിയേണ്ട ഒരു വസ്തുതയെപ്പററി ആദ്യമായിത്തന്നെ വിവരിക്കുന്നതു നന്നായിരിക്കും. മനുഷ്യൻെറ അദൃഷ്ടഭാഗത്തിലെ—അവൻെറ പഞ്ചേന്ദ്രിയങ്ങൾക്കും ഗോചരമാകാത്ത ഭാഗങ്ങളിലെ—തത്വങ്ങളെപ്പററിയാണല്ലോ വേദാന്തം പ്രതിപാദിക്കുന്നതു്. അതുകൊണ്ടു മനുഷ്യനു ദൃഷ്ടമായ ഒരു ഭാഗവും, അദൃഷ്ടമായ മറെറാരു ഭാഗവും ഉണ്ടെന്നു വ്യക്തമാവുന്നു. മനുഷ്യനു് ഒരു ദൃഷ്ടഭാഗവും ഒരു അദൃഷ്ടഭാഗവും ഉണ്ടെന്നു കേൾക്കുമ്പോൾ അസംബന്ധമാണീപറയുന്നതെന്നു തോന്നാം. ഒരേ വസ്തു തന്നെ ദേഹാദിരൂപത്തിൽ ദൃഷ്ടവും ആത്മസ്വരൂപത്തിൽ അദൃഷ്ടവുമാണു്. ഒന്നിൽത്തന്നെ ഈ വക വൈരുദ്ധ്യങ്ങൾ ഒരേ അവസരത്തിൽ വന്നിരിക്കുന്നു എന്നതാണു് വസ്തുത. ഒരേ വസ്തുവിൽ ഒരേ അവസരത്തിൽത്തന്നെ വൈരുദ്ധ്യങ്ങൾ ഉണ്ടായിരിക്കുകയും സ്ഥിതി ചെയ്യുകയും ചെയ്യാം. ഈ വസ്തുതക്കാണു് "മായ" എന്നു പറയുന്നതു്. മായ ഒരു വസ്തുതയുടെ പ്രഖ്യാപനം മാത്രമാണു്. അതു ശങ്കരാചാര്യരുടേയോ മറേറതെങ്കിലും ആചാര്യന്മാരുടേയോ അഭിപ്രായമോ മനോസങ്കല്പമോ അല്ല. കേവലം എല്ലാവരുടേയും അനുഭവത്തിൽപ്പെട്ട ഒരു വസ്തുതയാണതു്. അതിനെ അതിൻെറ വ്യാപ്തിസഹിതം നാം മനസ്സിലാക്കീട്ടില്ലെന്നു മാത്രം മനുഷ്യൻെറ സ്വാനുഭവം എന്താണു്? അവൻ കേവലം ഒരു ദേഹമോ മനസ്സോ ബുദ്ധിയോ ആയി സ്വയം അഭിമാനിക്കുന്നു. എന്നാൽ വേദാന്തം പറയുന്നതു് അവൻ പ്രധാനമായി ഇവയേക്കാൾ എല്ലാം പ്രബലമായ ആത്മാവു മാത്രമാണു് എന്നാണു്. എന്നാൽ ആത്മാവുണ്ടെന്നുംകൂടി അനുവദിച്ചുകൊടുക്കാത്ത ആളുകൾ ലോകത്തിലുണ്ടുതാനും. വേദാന്തതത്വങ്ങളെ സമ്മതിക്കുന്ന നാം പറയുന്നതു മനുഷ്യൻ ദൃഷ്ടവിഷയമായ ദേഹാദികളുടേയും അദൃഷ്ടവിഷയമായ ആത്മാവിൻേറയും ഒരു സമാഹാരമാണെന്നാണു്. ദൃഷ്ടവും അദൃഷ്ടവും ഒന്നിൽത്തന്നെ ഒരേ സമയത്തിൽ സ്ഥിതി ചെയ്യുന്നുവെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. വേദാന്തം സ്വീകരിക്കുന്നവനു് ഇതു് ഒരു പച്ചപ്പരമാർത്ഥമാണു്. ഈ തത്വത്തിനു ശാഖോപശാഖകൾ ഉണ്ടു്. മനുഷ്യൻെറ ഈ ലോകത്തിലുള്ള അനുഭവമെന്താണു്? അയാളുടെ ജീവിതം ദുഃഖമയമാണു്. കാരണം, ഇന്ദ്രിയങ്ങൾ ജീർണ്ണിക്കുന്നു; അനിശ്ചിതമായ മരണം തുറിച്ചുനോക്കി നില്ക്കുന്നു. ഇവിടെ വേദാന്തം പറയുന്നതു്, മനുഷ്യൻ സച്ചിദാനന്ദസ്വരൂപിയാണു്, ആന

ന്ദമാണ് അവന്റെ വാസ്തവസ്ഥിതി, അവന്നു മരണമില്ല എന്നാണ്. രണ്ടും തമ്മിൽ എത്ര വിരുദ്ധം. രണ്ടും വാസ്തവമാണോ? ഒരു നിലയിൽ വാസ്തവം. മറ്റൊരു നിലയിൽ അവാസ്തവം. ലൌകിക ദുഃഖമനുഭവിക്കുന്ന ഒരുവനോട്, സച്ചിദാനന്ദമൂർത്തിയായ താങ്കൾ എന്തിന്നു ഖേദിക്കുന്നു എന്നു ചോദിച്ചാൽ, അതു വനരോദനമായിക്കലാശിക്കുകയേ ഉള്ളൂ. അതുകൊണ്ടാണ് വേദാന്തം സർവ്വസ്വീകാര്യമാവാത്തതും. ദുഃഖത്തിൽ മഗ്നനായിട്ടുള്ളവൻ വേദാന്തം കേട്ടാൽത്തന്നെ ചിലപ്പോൾ കുപിതനായെന്നു വരാം. അത്ര വിരുദ്ധമാണ് അയാളുടെ അനുഭവവും വേദാന്തവും തമ്മിൽ. ഇതുതന്നെ മായ.

വേദാന്തിയുടെ അനുഭവം “സർവ്വം ഖല്വിദം ബ്രഹ്മ” (എല്ലാം ബ്രഹ്മമയം എന്നാണ്.) അവയിൽ സർവ്വസാഹോദര്യവും അഭ്യസിക്കുന്നു. കാരണം താൻ മാത്രമേയുള്ളു എന്നാണയാളുടെ അനുഭവരൂപം. സാഹോദര്യം ആ സ്ഥിതിയിൽ എളുപ്പവുമാണ്. എന്നാൽ സാധാരണ ജീവിതത്തിലുള്ള ഒരു മനുഷ്യന്നു സർവ്വരോടും സാഹോദര്യം പുലർത്തുവാൻ പ്രയാസം. മനുഷ്യന്ന് ഒരവസ്ഥയിൽ (വേദാന്തത്തിൽ) സർവ്വസാഹോദര്യവും പുലർത്താം. എന്നാൽ മററു സമയങ്ങളിൽ (വേദാന്താനുഭവം വരുന്നതുവരെ) സാഹോദര്യം തിരസ്കരിക്കാം. മായാശക്തികൊണ്ടാണ് ഒരേ മനുഷ്യനിൽ ഈ രണ്ടും സംഭവിക്കുന്നത് എന്നു നാം പറയുന്നു. മനുഷ്യന്നു രണ്ടു വിരുദ്ധാവസ്ഥകളുണ്ട്! ഈ വിരുദ്ധാവസ്ഥകളിൽ അയാളുടെ പ്രവൃത്തിയും ജനങ്ങളോടുള്ള പെരുമാററവും കടകവിരുദ്ധങ്ങളായുമിരിക്കും. “സർവ്വം ഖല്വിദം ബ്രഹ്മ” (എല്ലാം ബ്രഹ്മം തന്നെ) എന്നതാണ് വേദാന്തശാസ്ത്രപ്രകാരം വാസ്തവം. എന്നാൽ നമ്മുടെ അനുഭവമെന്താണ്? തികച്ചും വിപരീതം. വൈചിത്ര്യപൂർണ്ണമായ നാനാത്വമാണ് ലോകത്തിൽ നാം ഉടനീളം കാണുന്നത്. ഈ അനുഭവത്തിന്നു വിരുദ്ധമല്ലേ വേദാന്തം? അതെ, അല്ല, എന്ന രണ്ടു വിധത്തിലും സമാധാനം പറയാം. നാനാത്വദർശനം ഒരുതരത്തിൽ ശരിയാണെങ്കിലും, സൂക്ഷ്മമായാലോചിച്ചാൽ ഏകതയുടെ സ്ഫുരണമാണതു്. ഈ പരമാത്ഥം നമ്മുടെ ഇന്ദ്രിയങ്ങൾക്കു ഗോചരമല്ല, യുക്തികളും ഗോചരമല്ല. ആത്മസാക്ഷാൽക്കാരത്തിന്നു മാത്രമാണ് അതു വിഷയമാവുന്നതു്.

എന്നാൽ ഒരു ഉപമകൊണ്ട് ഇതിനെ മനസ്സിലാക്കാൻ സാധിക്കും. ഒരു സ്ത്രീ ഗർഭം ധരിക്കുമ്പോൾ ഭാവി ശിശു ഗർഭാധാനാനന്തരം ഒരു ചെ

റിയ ബിന്ദു മാത്രമാണ്. ആ അരൂപമായ ബിന്ദുവിൽനിന്ന്—ഒരൊററ ബിന്ദുവിൽനിന്ന്—വിചിത്രമായ നാനാ അവയവങ്ങൾ, കണ്ണ്, മൂക്ക, ചെവി, ഹൃദയം, കരൾ, ശ്വാസകോശം, തലച്ചോറ്, നാഡികൾ, ഞരമ്പുകൾ മുതലായ അസംഖ്യം ഇന്ദ്രിയങ്ങൾ ഉണ്ടാവുന്നു. ഇവിടെ "ഒന്നല്ലേ" പലതായിപ്പരിണമിക്കുന്നത്? ആ ഒന്നിൽ അനന്തമായ നാനാത്വശക്തി ലയിച്ചിരിക്കുന്നു നമുക്ക സ്പഷ്ടവുമല്ലേ? ആ ബീജത്തിൽ, അതിൽനിന്നെത്രയോ മടങ്ങു വിപുലമായ ശക്തി ഗൂഢമായി സ്ഥിതി ചെയ്തിരുന്നു!

അതേമാതിരി അരൂപമായ ബ്രഹ്മവും അനന്ത ശക്തിയുക്തമാണ്. സത്–ചിത്–ആനന്ദം എന്നാണ് അപര്യാപ്തമായി നാം അതിനെ വർണ്ണിക്കുന്നത്. 'ചിത്'' എന്നാൽ ബുദ്ധിശക്തിയേയും ചൈതന്യശക്തിയേയും ഉൾക്കൊള്ളുന്നത് എന്നർത്ഥം. അതുകൊണ്ട ബ്രഹ്മത്തിൻെറ ചിത് ശക്തി അഭിവ്യക്തമാകുമ്പോൾ ജഗത്ത് ഉളവാകുന്നു. ഗർഭബീജം ശിശുവാകുന്നതുപോലെ ബ്രഹ്മവും ജഗത്തായിപ്പരിണമിക്കുന്നതായി നാം കാണുന്നു. ബീജം തന്നെ ശിശു. ബ്രഹ്മം തന്നെ ജഗത്ത്. എന്തൊരു വൈരുദ്ധ്യം?

ബ്രഹ്മത്തിൽനിന്നു ജഗത്തു വേറല്ലാത്തതുകൊണ്ട്—ബ്രഹ്മത്തിൻെറ കേവലമഭിവ്യക്തത മാത്രമായതുകൊണ്ട്—"സർവ്വം ഖല്വിദം ബ്രഹ്മ" എന്നതാണ് തത്വം. ഈ തത്വം നമ്മുടെ ഇന്ദ്രിയങ്ങൾക്കും മനസ്സിനും ഗോചരമാവാത്തതുകൊണ്ട വേദതത്വമെന്നോ, കുറേക്കൂടി ഉചിതമായി വേദാന്തതത്വമെന്നോ പറയപ്പെടുന്നു. ഇങ്ങിനെ ഏകമായ ബ്രഹ്മംതന്നെയാണ്ബഹുമുഖമായ ജഗത്തായി തോന്നിക്കുന്നത്. ബ്രഹ്മവും ജഗത്തും ഒന്നിൻെറ രണ്ടററങ്ങൾമാത്രമാണ്. എന്നാൽ ജനങ്ങൾക്ക്ഇതു മനസ്സിലാക്കാൻ പ്രയാസമായിരിക്കും എന്നു നിശ്ചയിച്ച സച്ചിദാനന്ദ ബ്രഹ്മത്തിൻെറ ചിത് ശക്തിയെ മാത്രമെടുത്തു രൂപീകരിച്ച് അതിനെ "മായാശക്തി" എന്നു ശാസ്ത്രകാരന്മാർ പറയുന്നു. അങ്ങിനെ മായയാണ് ജഗത്സൃഷ്ടികാരണമെന്നാണ്, ശാസ്ത്രകാരന്മാരുടെ അഭിപ്രായം. "മായാതന്ത്രമിദം ജഗത്"' എന്നാണ് ശ്രീ ശങ്കരൻ പറയുന്നത്. എന്നാൽ ഈ ശക്തി ബ്രഹ്മത്തിൻെ കേവലമൊരംശമായതുകൊണ്ട് "മായ" ഈശ്വരാധീനത്തിലുള്ള ശക്തിയാണെന്നു സങ്കല്പിക്കുന്നു.

എന്നാൽ മനുഷ്യൻ തന്നിലുള്ള ബ്രഹ്മമായ ആത്മാവിനെ അനുഭവിച്ചറിയാതിരിക്കുമ്പോൾ ജഗത്തു ബ്രഹ്മത്തിൽനിന്നും, ഈശ്വരനിൽ നിന്നു ഭിന്നമാണെന്നു കരുതപ്പെടുമ്പോൾ, യഥാർത്ഥതത്വം അനുഭവിച്ചറിയാതിരിക്കുമ്പോൾ, അവൻ പലേ കഷ്ടപ്പാടുകൾകൊണ്ടും കുഴങ്ങുന്നു. അതുകൊണ്ട് അവനെ മായയുടെ അടിമയാണെന്നു കരുതുന്നു.

ബ്രഹ്മത്തിൽനിന്നു വ്യത്യസ്തമായ ഒരു മായാശക്തിയില്ല. എന്നാൽ ഒരു വസ്തുതയ്ക്കു രൂപംകൊടുത്തു മായയെ ഒരു ശക്തിയായി ചില ശാസ്ത്രകാരന്മാർ വിവരിക്കുന്നു. മനുഷ്യൻ മായാധീനനാണെന്നും, ഈശ്വരൻ മായാതീതനാണെന്നും അപ്പോൾ മായയെപ്പററി വിവരിക്കുന്നു. ബ്രഹ്മം തന്നെയാണ് ജഗത്തായി തോന്നുന്നത്. അപ്പോൾ ജഗത്തു് തൻെറ മായാശക്തികൊണ്ട് ഈശ്വരൻ സൃഷ്ടിച്ചതാണെന്നു ശാസ്ത്രങ്ങൾ പ്രതിപാദിക്കുന്നു. മായ കേവലം ഒരീശ്വരശക്തിതന്നെ. ഈ വിധമായ മായയെ, സൃഷ്ടി കഥകൾ—സാംഖ്യന്മാരുടെ—"പ്രധാന"മെന്നു വിളിക്കുന്നു. മനുഷ്യൻ ആത്മജ്ഞാനമില്ലാതെ കുഴങ്ങുമ്പോൾ മായയെ അവിദ്യ, അദ്ധ്യാസം എന്നും മററും പറയുന്നു. ഒന്നിൽത്തന്നെ എങ്ങിനേയോ രണ്ടു വിരുദ്ധഭാവങ്ങൾ സഹവർത്തിക്കാം എന്ന തത്വമാണ് "മായ."

മനുഷ്യനു ജീവൻ ഉണ്ട്. എന്നാൽ മനുഷ്യനു മരണവുമുണ്ട്. ജീവനും മരണവും മനുഷ്യനിൽ സഹവർത്തിക്കുന്നു എന്ന വസ്തുതയാണ് മായയുടെ സ്പഷ്ടമായ ഒരു ഉദാഹരണം. കളിമണ്ണുകൊണ്ടുണ്ടാക്കുന്ന വ്യത്യസ്തരൂപത്തിലുള്ള പാത്രങ്ങളും മററും വെറും കളിമണ്ണുതന്നെയാണ്. വ്യത്യാസം രൂപത്തിൽ മാത്രമാണ്. ഈ രൂപം അവാസ്തവമാണുതാനും. എന്നാൽ രൂപം ഉള്ളതുതന്നെയല്ലേ? ഈ വിരുദ്ധതയാണ് "മായ."

---

ഹിരണ്മയേ പരേ കോശേ
വിരജം ബ്രഹ്മ നിഷ്കലം
തച്ഛുഭ്രം ജ്യോതിഷാം ജ്യോതി-
സ്തദ്യദാത്മവിദോ വിദുഃ.

# അമരവാണി

1. സ്വച്ഛന്ദം വിഹരിക്കുന്ന അഹങ്കാരരൂപമാകുന്ന ശാർദ്ദൂലത്തെ ജ്ഞാനമാകുന്ന തീക്ഷ്ണഖഡ്ഗംകൊണ്ടു ഹനിക്കുന്ന ആൾ ഭയലേശമെന്നിയേ അതിഗഹനമായ ഈ സംസാരവിപിനത്തെ അതിക്രമിക്കുന്നു.

* * * *

2. ക്രോധാവേശം പൂണ്ട ഒരാൾ യാതൊരു നരകാഗ്നിക്കും ഇരയാകുന്നില്ല. അയാൾ നരകാഗ്നിയെ ഇവിടെത്തന്നെ സൃഷ്ടിക്കയും, തന്നേയും മററുള്ളവരേയും അതിൽ ഇട്ടു ദഹിപ്പിക്കയും ചെയ്യുന്നു.

* * * *

3. ഈ സംസാരാർണ്ണവത്തിൽ ചരിക്കുമ്പോൾതന്നെ യാതൊരാൾ വെള്ളത്തിലെ താമരയിലപോലെ അസംഗനായി ജീവിക്കുന്നുവോ, ആ ഭാഗ്യവാൻ സ്വയം സുഖിക്കുന്നു; അന്യരേയും സുഖിപ്പിക്കുന്നു.

* * * *

4. ഉദരം ക്ഷിപ്രപ്രസാദിയാണ്. രസനയാണ് ചപലൻ. മനുഷ്യന്റെ ആവശ്യങ്ങൾ പരിമിതങ്ങളാണ്. ദുരയാണ് അവന്റെ ശത്രു. ഈ ദുര നശിക്കണം. എന്നാലെ മനുഷ്യനു പരമാത്മജ്ഞാനം കൈവരൂ.

* * * *

5. വെറുതെ ധർമ്മത്തേപ്പററി പ്രസംഗിച്ചു കാലം കളയാതെ ധാർമ്മികമായ കാര്യങ്ങളിൽ നിശ്ശബ്ദമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവനാണ് ഉത്തമൻ.

* * * *

6. മൂർച്ചയുള്ള ഒരാണിക്കു മാത്രമേ കട്ടിയുള്ള ചുമരിനെ തുളച്ചു കടക്കാൻ സാധിക്കയുള്ളൂ. അതുപോലെ കുശാഗ്രബുദ്ധിയായ ഒരുവന്നു മാത്രമേ ഗുരുസഹായത്തോടുകൂടി അജ്ഞാനമാകുന്ന ചുമരിനെ തുളച്ചു കടക്കാൻ സാദ്ധ്യമാകൂ.

# ആത്മജ്ഞാനോപദേശവിധി

## (സ്വാമി ഹരിഹരാനന്ദസരസ്വതി)

## III

[ തുടച്ച് ]

ദേഹാത്മവാദത്തെപററി പ്രതിപാദിക്കുമ്പോൾ ഛാന്ദോഗ്യോപനിഷത്തിലെ വിജ്ഞനപരമായ ഇതിവൃത്തം മറക്കുവാൻ സാധിക്കുന്നതല്ല. ''സർവ്വപാപവിമുക്തനും സർവ്വവികാരരഹിതനും ശുദ്ധനും നിത്യനും സത്യസ്വരൂപനുമായ ആത്മാവിനെ'' അറിയേണ്ടതാണെന്നും, അങ്ങിനെയുള്ള ആത്മാവിനെ സാക്ഷാത്ക്കരിക്കുന്നവരെല്ലാംതന്നെ സർവ്വലോകങ്ങളേയും സർവ്വകാമനകളേയും പ്രാപിക്കുന്നുവെന്നും പ്രജാപതി അരുൾ ചെയ്തു. ദേവന്മാരും അസുരന്മാരും അതു് ശ്രദ്ധാപൂർവ്വം ശ്രവിക്കുകയും അങ്ങിനെയുള്ള ആത്മാവിനെ അന്വേഷിച്ചറിയണം എന്നു ദൃഢനിശ്ചയം ചെയ്യുകയും ചെയ്തു. അതനുസരിച്ചു ദേവന്മാരുടെ അധിപതിയായ ഇന്ദ്രനും, അസുരന്മാരുടെ അധിപനായ വിരോചനനും പരസ്പരം അറിയാതെതന്നെ സമിത്പാണികളായി പ്രജാപതിയെ സമീപിച്ചു. ജ്ഞാനസമ്പാദനാർത്ഥികൾ സമിത്പാണികളായി (കയ്യിൽ സമിത്തു് ഗ്രഹിച്ചവരായി) ശ്രോത്രിയനും ബ്രഹ്മനിഷ്ഠനുമായ ഒരു ഗുരുവിനെ ശരണം പ്രാപിക്കണം എന്നാണല്ലോ ശ്രുതിവചനം.

പ്രജാപതിയുടെ സമീപത്തു് അവർ മുപ്പത്തിരണ്ടു വർഷക്കാലം ശിഷ്യഭാവേന തപസ്സനുഷ്ഠിച്ചു നിവസിച്ചു. മുപ്പത്തിരണ്ടു വർഷം തികഞ്ഞപ്പോൾ പ്രജാപതി അവരോടു് എന്തിനുവേണ്ടിയാണു് ഇത്രയും കാലം അവിടെ തപോവൃത്തിയിൽ ജീവിച്ചതെന്നു ചോദിച്ചു. ദേവേന്ദ്രനും വിരോചനനും ആത്മജ്ഞാനലബ്ധിക്കുവേണ്ടിയാണു് തങ്ങൾ അങ്ങിനെ ചെയ്തതെന്നും ആത്മജ്ഞാനപ്രദാനംകൊണ്ടു തങ്ങളെ അനുഗ്രഹിക്കണമെന്നും സവിനയം പ്രാർത്ഥിക്കുകയും ചെയ്തു.

''ചക്ഷുസ്സിൽ കാണുന്ന പുരുഷനാണു് ആത്മാവു്. അതു് അമൃതനും, അഭയനും, അജരനുമാണു്. അതു ബ്രഹ്മമാണു്. അതിനെപ്പ

ററിയാണ് ആദ്യം അറിയേണ്ട ആത്മാവായി ഞാൻ പ്രസ്താവിച്ചതു്'' എന്നു പ്രജാപതി പ്രതിപാദനം ചെയ്തു.

''ഭഗവൻ! ജലത്തിൽ കാണുന്നതോ, ദർപ്പണത്തിൽ കാണുന്നതോ, ഏതാണ് ആത്മാവു്?'' അവർ ചോദിച്ചു. ''ഇവയിലെല്ലാം കാണുന്നതു് ആ ആത്മാവുതന്നെയാണ്'' എന്നു പ്രജാപതി പ്രതിവചിച്ചു.

''വെള്ളം നിറഞ്ഞ ഒരു പാത്രത്തിൽ നോക്കുക. ആത്മാവിനെ പററി യാതൊന്നു നിങ്ങൾക്കു ഗ്രഹിക്കുവാൻ സാധിക്കുന്നില്ലയോ അതിനെപ്പററി വീണ്ടും ചോദിച്ചറിയുക'' എന്നു പ്രജാപതി പറഞ്ഞു. അവർ അതേപടി ചെയ്തപ്പോൾ തങ്ങളുടെ യഥാർത്ഥമായ പ്രതിരൂപം ജലത്തിൽ പ്രതിബിംബിച്ചു കാണുന്നുണ്ടെന്നും ആ പ്രതിബിംബത്തിൽ ഒരു രോമത്തിന്നുകൂടി വ്യത്യാസം കാണുന്നില്ലെന്നും അവർ അറിയിച്ചു. ശോഭയുള്ള വസ്ത്രങ്ങളും വേഷഭൂഷാദികളും അണിഞ്ഞൊരുങ്ങി വീണ്ടും നോക്കുവാനാജ്ഞാപിക്കപ്പെട്ട അവർ തങ്ങളുടെ പ്രതിരൂപം വേഷഭൂഷാലംകൃതമായി, മനോജ്ഞമായി, ജലത്തിൽ ശോഭിച്ചു കാണുന്നതായി വിജ്ഞാപിച്ചു.

''അതുതന്നെയാണ് അമൃതനും അഭയനുമായ ആത്മാവു്. അതുതന്നെയാണ് ബ്രഹ്മം'' എന്ന പ്രജാപതിയുടെ തീരുമാനം കേട്ടു സന്തോഷിച്ചു സംതൃപ്തരായി രണ്ടു പേരും സ്വസ്ഥാനങ്ങളിലേയ്ക്കു പ്രതിഗമിച്ചു.

അവരുടെ ബുദ്ധിഹീനത കണ്ടു് ''അവർ രണ്ടു പേരും പരമാർത്ഥതത്വത്തെ ഗ്രഹിക്കാതെതന്നെ തിരിച്ചുപോകുന്നുണ്ടു്. ദേവന്മാരായാലും അസുരന്മാരായാലും ഈ ഗ്രഹിച്ചുവച്ച ആദർശത്തെ പിൻതുടരുന്നവർ തീർച്ചയായും നാശമടയുന്നതാണ്'' എന്നു പ്രജാപതി മനസ്സിൽ സങ്കല്പിച്ചു.

വിരോചനൻ അത്യധികം സംതൃപ്തനായി ആനന്ദാന്ദോളിതചിത്തനായി അസുരന്മാരെ പ്രാപിച്ചു് ഈ ശരീരാത്മവാദത്തെ ഉപദേശിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തു. സാക്ഷാതു് ആത്മാവാകുന്ന ഈ ശരീരത്തെ സർവ്വഥാ ശുശ്രൂഷിച്ചു ഭജിക്കുന്ന ഏതൊരു വ്യക്തിയും ഇഹലോകപരലോകസുഖങ്ങൾക്കു പാത്രീഭൂതനായിത്തീരും എന്നു പ്രഖ്യാപിച്ചു. ഇന്നും ഈ ശരീരതോഷണത്തിന്നായി മാത്രം യതിക്കയും ശരീരപുഷ്ടിക്കായും സുഖത്തിന്നായും മാത്രം ജീവിക്കയും ചെയ്യുന്നവരെ

"അസുരന്മാരാ"യിട്ടാണ് അഭിജ്ഞന്മാർ കരുതുന്നത്. സാക്ഷാൽ 'വിരോചന'മഹാരാജാവിൻെറ സൽപ്രജകളായ ഇക്കൂട്ടർ മാത്രമാണ് ഇന്നത്തെ ലോകത്തിൽ ഏറിയകൂറും!

ദേവേന്ദ്രനാകട്ടെ വഴിയിൽവെച്ചുതന്നെ ഇതിനെപ്പററി ഗാഢമായി ആലോചിക്കുകയും തുടച്ചയായി വീണ്ടും മൂന്നു പ്രാവശ്യം മടങ്ങിവന്നു് ഒട്ടാകെ നൂററൊന്നു വർഷത്തെ വിദ്യാത്ഥിജീവിതത്തിൻെറ അവസാനത്തിൽ "നിത്യ ശുദ്ധ ബുദ്ധ മുക്ത സത്യ സ്വരൂപനായ" ആത്മാവിൻെറ തത്വത്തെ സമ്യക്കാംവണ്ണം ഗ്രഹിച്ചു നിർവൃതിയടയുകയും ചെയ്തു. (ഈ വിഷയത്തെ അധികരിച്ചു് അനുയോജ്യമായ വേറൊരു അവസരത്തിൽ വ്യക്തമായി പ്രതിപാദിക്കുന്നതാണ്.)

ദേഹം ആത്മാവല്ലെന്നു സ്ഥാപിച്ചശേഷം അടുത്തതായി ചാർവ്വാകന്മാരുടെ വകഭേദമായ ഇന്ദ്രിയാത്മവാദികളുടെ മതത്തെ തിരസ്കരിക്കുവാനായി അടുത്ത മന്ത്രം ആരംഭിക്കുന്നു.

ചക്ഷുരപ്യാത്മാ ന ഭവതി, രൂപഗ്രഹണസാധനത്വാത്, പ്രദീപവത് || 1-7.

പ്രദീപവത് = ഒരു വിളക്കെന്നപോലെ, രൂപഗ്രഹണ സാധനത്വാത് = രൂപം, നിറം എന്നിവ അറിവാനുപയുക്തമായ ഒരു കരണം മാത്രമായതുകൊണ്ടു്, ചക്ഷുഃ അപി = ചക്ഷുസ്സും കൂടി, ആത്മാ ന ഭവതി = ആത്മാവു് ആകുന്നതല്ല

ജ്യോതിസ്സിനെ പ്രദാനം ചെയ്യുന്ന വിളക്കോ സൂര്യനോ ആണ് നമുക്കു മററു വസ്തുക്കളെ കാണിച്ചുതരുന്നതു്. വിളക്കു മററു വസ്തുക്കളെ നമ്മുടെ ദൃഷ്ടിപഥത്തിൽ കൊണ്ടുവരുവാനുപകരിക്കുന്ന ഒരു ഉപകരണം മാത്രമാകുന്നു. അതുപോലെത്തന്നെ നേത്രവും മററു വസ്തുക്കളുടെ രൂപങ്ങളേയും നിറങ്ങളേയും കണ്ടറിവാനുപയുക്തമായ ഒരു ഉപകരണം മാത്രമാകുന്നു. ശരിക്കു "കാണുക" എന്ന ക്രിയ ചെയ്യുന്നതു കണ്ണോ മററിന്ദ്രിയങ്ങളോ അല്ല. ഒരു വസ്തുവിനെ നാം അഭിമുഖീകരിക്കുമ്പോൾ നമ്മുടെ മനോവൃത്തി കണ്ണാകുന്ന ഇന്ദ്രിയത്തിൽക്കൂടി പുറത്തുവന്നു തദാകാരമായിത്തീരുന്നു. അങ്ങിനെ വസ്ത്വാകാരമായ മനോവൃത്തിയാണ് നമുക്കു വസ്തുവിൻെറ രൂപത്തേയോ നിറത്തേയോ പററിയുള്ള ജ്ഞാനത്തെ പ്രദാനം ചെയ്യുന്നതു് അല്ലാതെ വെറും ഒരു ഉപകരണം മാത്രമായ നേത്രമല്ല. ഉദാഹരണമായി ഒരു ദീപത്തെ സ്വീകരിച്ചിരിക്കുന്നു. വസ്തു

ക്കളെ പ്രകാശംകൊണ്ടു് ആവരണംചെയ്യുന്ന ഒരു ഉപകരണം മാത്രമാണു് ദീപം. ജ്ഞാനസമ്പാദനത്തിനു വേറൊരു രീതിയിലും അതു സഹായിക്കുന്നില്ല. ഇതേപോലെ ''ചക്ഷുസ്സ്''' എന്ന ഇന്ദ്രിയം വസ്തുക്കളുടെ രൂപഗ്രഹണത്തിനും വർണ്ണഗ്രഹണത്തിനും ഒരു ഉപകരണം മാത്രമായതുകൊണ്ടു് അതു നിത്യമുക്തനും, സ്വതന്ത്രനുമായ ആത്മാവാകുന്നതല്ല. ശരീരം ഏതു പ്രകാരം ഒരു ദൃശ്യവസ്തുവാണോ അതുപോലെത്തന്നെ ചക്ഷുസ്സും ഒരു ദൃശ്യവസ്തുവാകുന്നു. ദൃശ്യവസ്തുക്കളെല്ലാം ദ്രഷ്ടാവായ ആത്മാവിൽനിന്നും ഭിന്നമാണെന്നു് ആദ്യംതന്നെ സ്ഥാപിച്ചിട്ടുണ്ടല്ലോ. അതേപോലെ ചക്ഷുസ്സും ഒരു ദൃശ്യവസ്തുവും ഒരു ഉപകരണവും മാത്രമായതുകൊണ്ടു് ആത്മാവല്ലെന്നു സിദ്ധിക്കുന്നു.

യഥാ പ്രദീപേന കരണേന രൂപമുപലഭ്യതേ തഥാ ചക്ഷുഷാ/പി കരണേന രൂപമുപലഭ്യതേ || 1-8.

യഥാ = ഏതുപോലെ, പ്രദീപേന = ഒരു വിളക്കിന്റെ സഹായംകൊണ്ടു്, രൂപം ഉപലഭ്യതേ = രൂപം മുതലായവ കാണപ്പെടുന്നുവോ, തഥാ = അതുപോലെതന്നെ, ചക്ഷുഷാ കരണേന അപി = ഒരു കരണം മാത്രമാകുന്ന ചക്ഷുസ്സു വഴിക്കും കൂടി, രൂപം ഉപലഭ്യതേ = രൂപം നിറം മുതലായവ അറിയപ്പെടുന്നു.

ഒരു വിളക്കു വസ്തുക്കളെ പ്രകാശത്തിൽ കൊണ്ടുവരുവാനുള്ള ഒരു ഉപകരണം മാത്രമാണു്. വിളക്കു പ്രകാശിക്കുന്നതുകൊണ്ടാണു് വസ്തുക്കളുടെ രൂപം നിറം എന്നിവ നമ്മാം ഗ്രഹിക്കുന്നതു്. അതേപോലെതന്നെ കണ്ണാകുന്ന ഉപകരണം ഉള്ളതുകൊണ്ടാണു് നമുക്കു ബാഹ്യവസ്തുക്കളുടെ രൂപം നിറം മുതലായവ ഗ്രഹിക്കുവാൻ സാധിക്കുന്നതു്. വിളക്കിനെന്നപോലെത്തന്നെ കണ്ണിനും ഒരു ഉപകരണത്തിന്റെ സ്ഥാനം മാത്രമുള്ളതുകൊണ്ടു് അതു് ആത്മാവിൽനിന്നും ഭിന്നമാകുന്നു എന്നു സിദ്ധിക്കുന്നു.

ഏവമേവ ഇതരാണ്യപി കരണാനി || 1-9.

ഇതരാണി കരണാനി അപി = (നാസികാ, രസനാ തുടങ്ങിയ) മററു കരണങ്ങളും (ഇന്ദ്രിയങ്ങളും) കൂടി, ഏവം ഏവ = ഇപ്രകാരം തന്നെയാകുന്നു.

പഞ്ചേന്ദ്രിയങ്ങളിൽ ഏററവും വിശിഷ്ടമായ നേത്രം ഏതു പ്രകാരം ഒരു കരണവും, അനാത്മാവുമാകുന്നുവോ, അതുപോലെത്തന്നെ നാസികാ, ത്വക്, രസനാ, ശ്രോത്രം എന്നിവയും കരണങ്ങളാകുന്നു. അതാതിന്ദ്രിയങ്ങളുടെ വിഷയങ്ങളെ ഗ്രഹിക്കുന്നതിന്നു സമർത്ഥങ്ങളും നേത്രത്തെപ്പോലെ ശരീരത്തിലെ ഉപകരണങ്ങളും ആകുന്നു. അതുകൊണ്ടു് അവയെല്ലാംതന്നെ അനാത്മാവാണല്ലോ. സർവ്വേന്ദ്രിയങ്ങളിൽനിന്നും വ്യതിരിക്തനും ഇന്ദ്രിയങ്ങളെയെല്ലാം അതാതിൻെറ ജോലികളിൽ നിയമിക്കുവാൻ സാമർത്ഥ്യമുള്ളവനുമായ ആത്മാവു് ഇന്ദ്രിയങ്ങളാകുവാൻ തരമില്ലെന്നു സിദ്ധിക്കുന്നു.

നമുക്കു ലോകത്തിൽനിന്നും കിട്ടുന്ന ഏതൊരനുഭവവും ഏതൊരു വിജ്ഞാനവും പഞ്ചേന്ദ്രിയദ്വാരാ ലഭിക്കുന്നവമാത്രമാകുന്നു. നമുക്കുണ്ടാകുന്ന അറിവിൻെറയെല്ലാം ഉറവിടം അവതന്നെ. എന്നാൽ ഈ ഇന്ദ്രിയങ്ങൾ സർവ്വവ്യാപകമായ ആത്മാവാണോ എന്ന പ്രശ്നത്തെയാണു് ഇവിടെ വിശദമാക്കിയിരിക്കുന്നതു്. ചാർവ്വാകന്മാരുടെ ഒരു വകഭേദക്കാർ, "ഇന്ദ്രിയങ്ങൾ തന്നെയാണു് ആത്മാവു്, അവ ചേതനങ്ങളാണു്; നമുക്കു് അവ അറിവിനെ പ്രദാനം ചെയ്യുന്നു; ഇന്ദ്രിയങ്ങൾ പ്രവർത്തിക്കാതിരുന്നാൽ ശരീരത്തിന്നു് ഒരു ഉണർവും ഉണ്ടാകുന്നില്ല" എന്നെല്ലാം വാദിക്കുന്നു. ജഡമായ ശരീരത്തിൽനിന്നും ഭിന്നമായ ഇന്ദ്രിയശക്തിയാണു് ആത്മാവു് എന്ന നിഗമനത്തിൽ അവർ എത്തിച്ചേരുന്നു.

ഇതിന്നു തെളിവായി അവർ ഛാന്ദോഗ്യോപനിഷത്തിലെ "തേഹ പ്രാണാഃ പിതരമേത്യോചുഃ" എന്ന ഭാഗത്തെ ഉദ്ധരിക്കുന്നു. ഇന്ദ്രിയങ്ങൾ സ്രഷ്ടാവായ പ്രജാപതിയോടു തങ്ങളിൽ ശ്രേഷ്ഠൻ ആരാണു് എന്നു നിർണ്ണയിക്കുവാൻ താല്പര്യം പ്രകടിപ്പിച്ച ആഖ്യായികയാണതു്. അതുമാത്രമല്ല ഇന്ദ്രിയങ്ങളുടെ പ്രവർത്തനം നിലയ്ക്കുമ്പോൾ ശരീരപ്രവർത്തനങ്ങളും നിലയ്ക്കുന്നു. താൻ 'അന്ധനാണു്', 'ബധിരനാണു്' എന്നും മററുമുള്ള പ്രതീതികൾ ഇന്ദ്രിയങ്ങളുടെ വിഷയഗ്രഹണസാമർത്ഥ്യാഭാവത്തിൽനിന്നും ഉണ്ടാകുന്നതും ഉണ്ടു്. ഇതിൽനിന്നെല്ലാം ജഡമായ ശരീരത്തിൽനിന്നും ഭിന്നവും ജഡശരീരത്തെ പ്രവർത്തനക്ഷമമാക്കുന്നതുമായ ചൈതന്യമയങ്ങളായ ഇന്ദ്രിയങ്ങളാണു് ആത്മാവു് എന്നു് അവർ സമർത്ഥിക്കുന്നു.

ഈ നിഗമനത്തെ ഖണ്ഡിച്ചുകൊണ്ടു മേൽവിവരിച്ച മന്ത്രങ്ങൾ വഴി ഇന്ദ്രിയാത്മവാദത്തെ തീരെ നിരാകരിക്കുന്നു. ഏതുപോലെ കത്തിക്കൊണ്ടിരിക്കുന്ന ഒരു വിളക്കു മററു വസ്തുക്കളെ കാണിച്ചുതരുവാൻ ഒരു ഉപകരണം മാത്രമാകുന്നുവോ, അതുപോലെതന്നെ ഈ ഇന്ദ്രിയങ്ങളും തത്തൽവിഷയഗ്രഹണത്തിന്നായി സ്ഥിതിചെയ്യുന്ന ഉപകരണങ്ങൾ മാത്രമാകുന്നു. ദേഹത്തെ സംബന്ധിച്ചിടത്തോളം വിളക്ക് ബാഹ്യമായി സ്ഥിതിചെയ്യുന്നതുപോലെ അന്തഃസ്ഥനായ ആത്മതത്വത്തെ സംബന്ധിച്ചിടത്തോളം ഈ ഇന്ദ്രിയങ്ങളും ബാഹ്യവസ്തുക്കളും ദൃശ്യവസ്തുക്കളമാകുന്നു. അതുകൊണ്ട് അവയെല്ലാം അനാത്മാവാണെന്നു സിദ്ധമാണല്ലോ. അവയിൽനിന്നെല്ലാം ഭിന്നമായ പ്രത്യഗാത്മാവിൻെറ വിനിയോഗാത്ഥം സംഘടിക്കപ്പെട്ടിട്ടുള്ള ഉപകരണങ്ങൾ മാത്രമാണെന്നും ഇവിടെ സ്ഥാപിക്കുന്നു.

ഈ സന്ദർഭത്തിൽ ശ്രീമദ് ഭാഗവതത്തിലെ പ്രഹ്ലാദസ്തുതി എത്ര അനുയോജ്യമാണെന്നു നോക്കാം:—

യോഽന്തഃ പ്രവിശ്യ മമ വാചമിമാം പ്രസുപ്താം
സഞ്ജീവയത്യഖിലശക്തിധരഃ സ്വധാമ്നാ
അന്യാംശ്ച ഹസ്തചരണശ്രവണത്വഗാദീൻ
പ്രാണാൻ നമോ ഭഗവതേ പുരുഷായ തുഭ്യം ||

യാതൊരു മഹാശക്തിസംയുതനായ പുരുഷനാണോ (ആത്മശക്തിയാണോ) എൻെറ ഉള്ളിൽ പ്രവേശിച്ച്, സുപ്തപ്രായമായിരുന്ന എൻെറ വാക്കിനെ സജീവമാക്കിയത്, മാത്രമല്ല എൻെറ കൈകാലുകളേയും, ശ്രവണം, രസന, ത്വക് മുതലായ ഇന്ദ്രിയങ്ങളേയും പ്രാണശക്തിയേയും അതതു വ്യാപാരങ്ങളിൽ നിയോഗിച്ചത് അങ്ങിനെയുള്ള സവ്വൈശ്വര്യപൂർണ്ണനും ഹൃദയഗുഹാശയനുമായ അങ്ങേയ്ക്കു നമസ്കാരം. എത്ര അത്ഥവത്തായ പ്രാത്ഥന! എത്ര സാരഗർഭമായ സ്തുതി!!

(തുടരും)

# ലഘുവാസുദേവമനനം

## (സ്വാമി പുരുഷോത്തമതീർത്ഥ)

## II

[ തുടർച്ച് ]

ഇപ്പോൾ അനുബന്ധചതുഷ്ടയമെന്തെന്നു പറയാം. ഏതൊരു ശാസ്ത്രത്തിന്നും ഒഴിച്ചുകൂടാത്തതായ നാല് ഉപാധികളുണ്ട്. ഈ ഉപാധികളെ അനുബന്ധങ്ങളെന്നു പറയുന്നു. അവ: 1) വിഷയം 2) പ്രയോജനം 3) സംബന്ധം 4) അധികാരി എന്നീ നാമങ്ങളാൽ അറിയപ്പെടുന്നു. ഈ വേദാന്തശാസ്ത്രത്തിന്നും ഈ നാലനുബന്ധങ്ങളുണ്ട്. 1) ബ്രഹ്മമാണതിലെ വിഷയം; 2) മോക്ഷമാണ് പ്രയോജനം; 3) പ്രതിപാദ്യപ്രതിപാദകഭാവം അഥവാ ബോദ്ധ്യബോധകഭാവമാണ് സംബന്ധം; 4) സാധനചതുഷ്ടയസമ്പന്നൻ അധികാരിയും. ബൃഹസ്പതി സവനമെന്ന യാഗത്തിന്നു ബ്രാഹ്മണൻ അധികാരിയെന്നപോലെയും, രാജസൂയയാഗത്തിന്നു ക്ഷത്രിയൻ അധികാരിയെന്നപോലേയും വേദാന്തശാസ്ത്രത്തിന്ന് അധികാരി സാധനചതുഷ്ടയസമ്പന്നനാണ്. നിത്യാനിത്യവസ്തുവിവേകം, ഇഹാമുത്രഫലഭോഗവിരാഗം, ശമാദിഷട്കം, മുമുക്ഷുത്വം—ഇവയാണ് സാധനചതുഷ്ടയം.

''ബ്രഹ്മം മാത്രമാണ് നിത്യവസ്തു; ജഗത്ത് അനിത്യമാണ്'' എന്ന്, ശ്രുതി സ്മൃതി പുരാണങ്ങളിൽനിന്നും സ്വയം സംജാതമായ, ബോധമാണ് നിത്യാനിത്യവസ്തു വിവേകജ്ഞാനം.

''ഈ ലോകത്തിൽ ദിവ്യമാല്യവസനാദി ഭോഗങ്ങളും ദേവലോകമായ സ്വർഗ്ഗത്തിൽ അപ്സരസ്ത്രീവിഷയാദി ഭോഗങ്ങളും ഒരുപോലെ അനിത്യങ്ങളാണ്'' എന്നറിഞ്ഞ്, ഇവയിൽ, നായ്ക്കാഷ്ഠത്തിൽ എത്രമാത്രം ഘൃണയും വെറുപ്പും തോന്നുന്നുവോ, അത്രയുംതന്നെ അവജ്ഞ തോന്നുന്നതുതന്നെ ഇഹാമുത്രഫലഭോഗവിരാഗം.

ശമം, ദമം, ഉപരതി, തിതിക്ഷാ, ശ്രദ്ധാ, സമാധാനം എന്നീ ആറും ചേർന്നതാണ് ശമാദിഷട്കസമ്പത്തി. ഇവയെ താഴെ വിവരിക്കാം:

ശമം—സദ്വസ്തുസംബന്ധമായ (ആത്മപരമായ) ചിന്തകളെ വിട്ടു് അന്യചിന്തകളിൽ മനസ്സു വ്യാപരിക്കുന്നു എന്നറിയുന്ന സമയത്തെല്ലാം, ആ വക ചിന്തകളിൽനിന്നു മനസ്സിനെ വിരമിപ്പിച്ചു്, ആത്മഭാവത്തിൽത്തന്നെ സ്ഥാപിക്കുക.

ദമം—ജ്ഞാനേന്ദ്രിയങ്ങളുടേയും കർമ്മേന്ദ്രിയങ്ങളുടേയും ബാഹ്യവ്യാപാരനിഗ്രഹം.

ഉപരതി—കാമ്യകർമ്മങ്ങളെ നിശ്ശേഷം ത്യജിക്കൽ, നിഷ്കാമമായി കർമ്മങ്ങളെ അനുഷ്ഠിക്കൽ അഥവാ സർവ്വലോകവ്യവഹാരങ്ങളിൽനിന്നും വിരമിക്കൽ: ഇവ മൂന്നും ഉപരതിതന്നെ.

തിതിക്ഷാ—പ്രാരബ്ധവശാൽ തനിക്കു വന്നുചേരുന്ന സകല ദുഃഖങ്ങളേയും ചിന്തയോ വിലാപമോ കൂടാതെ സഹിക്കൽ.

ശ്രദ്ധാ—ഗുരുവിൻേറയും വേദാന്തത്തിൻേറയും വചനങ്ങളിൽ പൂർണ്ണമായ വിശ്വാസം.

സമാധാനം—പരമാത്മസ്വരൂപപരമായ വിഷയങ്ങളെക്കുറിച്ചു ഗാഢമായ മാനസികചിന്തനം.

തൻെറ വീടു കത്തി നശിക്കുന്ന സമയത്തു്, അതിൽനിന്നും സ്വപുത്രദാരാദികളെ രക്ഷിക്കുവാൻ യത്നിക്കുന്ന പുരുഷൻ, അഗ്നിയുടെ താപം അസഹ്യമായിത്തീരുമ്പോൾ, എല്ലാററിനേയും വിട്ടു പുറത്തേയ്ക്കു ചാടി, സ്വന്തം താപശമനത്തിന്നായി മാത്രം പരിശ്രമിക്കുന്നു. അതേവിധം, സംസാരമാകുന്ന താപത്തിൽനിന്നും നിവൃത്തി തേടിക്കൊണ്ടു്, പുത്രേഷണ, വിത്തേഷണ, ലോകേഷണ എന്നിവയെ ത്യജിച്ചു്, ബ്രഹ്മതാദാത്മ്യഭാവമായ മോക്ഷത്തിൽ മാത്രം തീവ്രമായ ആഗ്രഹത്തെ പുലർത്തുന്നവൻതന്നെ മുമുക്ഷു. ഈ വിധമുള്ള മോക്ഷാർത്ഥിത്വത്തേയാണു് മുമുക്ഷുത്വമെന്നു പറയുന്നതു്.

ലോകത്തിൽ ചിലക്കു നിത്യവസ്തുവേതു്, അനിത്യവസ്തുവേതു് എന്ന വിവേകബുദ്ധി ഉണ്ടായിരുന്നിട്ടും, വൈരാഗ്യത്തിൻെറ അഭാവം നിമിത്തം, മോക്ഷപ്രാപ്തിയിൽ അഭിലാഷം ഇല്ലാത്തതായി കാണുന്നു. ഇത്തരക്കാക്കു് ഇഹാമുത്രഫലഭോഗവിരാഗം കൈവന്നേ തീരൂ. ഈ പറഞ്ഞ രണ്ടു സാധനകളുമുള്ള ചില ഋഷീശ്വരന്മാരിൽപോലും കോപതാപാദികൾ ഉള്ളതായിക്കാണുന്നതുകൊണ്ടു്, മോക്ഷത്തിന്നായി അവ

ക്കപോലും ശമദമാദി ഷട്കസമ്പത്തി ഉണ്ടായേ തീരൂ. ഇവ മൂന്നും തന്നെ ഉണ്ടാകുന്ന ചിലക്ക്, ഈശ്വരോപാസനാപരമായ ഭക്തിയിൽ മാത്രം അടിയുറച്ച വിശ്വാസം ഉണ്ടായിക്കാണുന്നതുകൊണ്ട്, അത്തരക്കാക്ക മോക്ഷപ്രാപ്തിക്ക മുമുക്ഷുത്വവും ആവിർഭവിച്ചേ പറ്റൂ.

ഈവിധം സാധനചതുഷ്ടയസമ്പന്നനായ മോക്ഷാധികാരി, ഗുരുവിന്നുപഹാരമായി സമപ്പിക്കവാനുള്ള സമിത്തുംകൊണ്ട ശ്രോത്രിയനും ബ്രഹ്മനിഷ്ഠനുമായ സദ്ഗുരുവിനെ സമീപിച്ച് അദ്ദേഹത്തെ വിനയവിശ്വാസങ്ങളോടുകൂടി വണങ്ങി, "ഹേ ഭഗവൻ! ഹേ സ്വാമിൻ! ഗുരോ!" എന്നു സംബോധന ചെയ്ത്, സാഷ്ടാംഗം നമസ്കരിക്കണം. പിന്നെ, അദ്ദേഹത്തോട ശിഷ്യൻ തന്റെ സംശയങ്ങളെ ചോദിച്ചറിയുകയായി. "ജീവൻ ആർ? ഈശ്വരൻ ആർ? എന്താണീജഗത്ത്? ഈ മൂന്നും എവിടെനിന്നുത്ഭവിച്ചു?" ഉപനിഷത്തുകളിലും ഗീതയിലും മററും ശിഷ്യൻ ഏതുവിധം ഗുരുവിനെ സമീപിക്കണമെന്നു പ്രത്യേകം നിഷ്കഷിക്കുന്നുണ്ട്:—

"പരീക്ഷ്യ ലോകാൻ കമ്മചിതാൻ ബ്രാഹ്മണോ
നിർവ്വേദമായാന്നാസ്ത്യകൃതഃ കൃതേന
തദ്വിജ്ഞാനാത്ഥം സ ഗുരുമേവാഭിഗച്ഛേ_
ത്സമിത്പാണിഃ ശ്രോത്രിയം ബ്രഹ്മനിഷ്ഠം."

(മുണ്ഡകം 1_2_12)

"കമ്മദ്വാരാ ലബ്ധമാകുന്ന മനുഷ്യലോകം, സ്വഗ്ഗലോകം മുതലായവയെ പരീക്ഷിച്ചറിഞ്ഞു്, അവയെല്ലാംതന്നെ അശാശ്വതമാണെന്നു മനസ്സിലാക്കി, അവയിൽ അത്യന്തം അവജ്ഞ വരുമ്പോറം മാത്രമാണ് കൃതംകൊണ്ട കമ്മാതീതമായ ബ്രഹ്മസ്വരൂപം അറിയപ്പെടുകയില്ലെന്നു ബോധ്യം വരുന്നതു്. അങ്ങിനെ ബോധ്യം വന്ന ആറം കയ്യിൽ ചമതയുമായി ശ്രോത്രിയനും ബ്രഹ്മനിഷ്ഠനുമായ സദ്ഗുരുവിനെ സമീപിക്കണം."

"തദ്വിദ്ധി പ്രണിപാതേന പരിപ്രശ്നേന സേവയാ
ഉപദേക്ഷ്യന്തി തേ ജ്ഞാനം ജ്ഞാനിനസ്തത്വദശിനഃ"

(ഗീതാ 4_34)

"തത്വദശികളായ ജ്ഞാനികളെ സമീപിച്ച്, അവരെ വിധിപ്രകാരം നമസ്കരിച്ച്, ഗുരുപരിചയ്യയാൽ പ്രീതരാക്കി, തന്റെ സംശയ

ങ്ങളെ ചോദിക്കുക; ആ ജ്ഞാനികൾ തീർച്ചയായും നിനക്കു തത്വോപദേശം ചെയ്യുന്നതാകും.''

മേല്പറഞ്ഞവിധം വിധിപ്രകാരം ശിഷ്യനാൽ പ്രാർത്ഥിക്കപ്പെട്ട ദയാവാനായ ഗുരു, സത്വരജസ്തമോഗുണമയിയായ പ്രകൃതിയിൽനിന്നു ജീവേശ്വരജഗത്തുകൾ ഏതുവിധം ഉദ്ഭൂതമായി എന്നും, ആത്മസ്വരൂപം എന്താണെന്നും, ഉള്ളംകയ്യിൽവച്ച നെല്ലിക്കയെന്നപോലെ സ്പഷ്ടമാകത്തക്കവണ്ണം ഉപദേശിച്ചുകൊടുക്കുന്നു. ഇപ്രകാരം ഗുരുവിനെ സമീപിക്കുന്ന അധികാരിയായ ശിഷ്യൻ തൻെറ അധികാരത്തിന്നാസ്പദമായ സാധനചതുഷ്ടയസമ്പന്നതയെ, അനവധി ജന്മങ്ങളിലൂടെ ആർജ്ജിച്ച പുണ്യപരിപാകം മൂലം കിട്ടുന്ന ഈശ്വരാനുഗ്രഹം ഒന്നുകൊണ്ടു മാത്രമേ പ്രാപിക്കുന്നുള്ളു എന്നറിഞ്ഞുകൊൾക. ആകയാൽ, തത്വജ്ഞാനദായകനായ ഗുരുവിനെ ഈശ്വരൻതന്നെ എന്നു കരുതിക്കൊൾക.

ഈ വിധം ഗുരുമുഖത്തിൽനിന്നും ജീവാത്മപരമാത്മൈക്യബോധത്തെ ശ്രവണം മുഖേന അറിഞ്ഞു വിചാരം ചെയ്തുറപ്പിച്ചു സാക്ഷാത്കരിക്കുന്നവനാരോ, അവൻ മാത്രമേ മുക്തിയെ പ്രാപിക്കുകയുള്ളൂ.

ഈ പ്രപഞ്ചം ആത്മാവ്, അനാത്മാവ് എന്നീ രണ്ടു വിധമാണ്. ആത്മാവ് പ്രപഞ്ചാതീതനാകയാൽ എങ്ങിനെയാണ് ആ ആത്മാവ് പ്രപഞ്ചത്തിൻെറ ഒരു ഭാഗമാവുകയെന്നു ശങ്കിക്കേണ്ടതില്ല. ചേതനം, അചേതനം എന്നീ രണ്ടു ഭാവങ്ങളടങ്ങിയതാണല്ലോ പ്രപഞ്ചം. ആത്മാവു ചേതനസ്വരൂപനാണെന്നും പ്രസിദ്ധമാണ്. ചേതനാത്മകമായ ആത്മതത്വം ഇല്ലാതെ പ്രപഞ്ചസ്ഫുരണം അസാദ്ധ്യമാകയാൽ, ആത്മാവു പ്രപഞ്ചത്തിൻെറ ഒരു ഭാഗമാണെന്നു പറയേണ്ടിയിരിക്കുന്നുവല്ലോ. അപ്പോൾ ചേതന_അചേതനങ്ങളുടെ വിഭജനം ഏതു വിധമാണെന്നു ചോദിച്ചേയ്ക്കാം. പൊതുവേ പറയുകയാണെങ്കിൽ സ്ഥാവരമെല്ലാം അചേതനവും ജംഗമമെല്ലാം ചേതനവുമാണെന്നു പറയാം.

അങ്ങിനെ പറയുമ്പോൾ ചേതനവസ്തുക്കളും അചേതനവസ്തുക്കളും ലോകത്തിൽ അനവധിയാകകൊണ്ട്, പ്രപഞ്ചം ദ്വിവിധമല്ല; ബഹുവിധമാണ് എന്നു പറയേണ്ടിവരുമല്ലോ എന്നു സംശയിക്കേണ്ടതില്ല.

അനാത്മാവു് ഒന്നുതന്നെയാണു്; വികാരരൂപേണ അതു പലതായി കാണപ്പെടുന്നുണ്ടെന്നു മാത്രം. ആത്മാവും ഏകൻതന്നെ. അനാത്മാവിന്റെ വികാരങ്ങളായ നാനാവിധ ഉപാധികളുമായുള്ള സംബന്ധംമൂലം അനേകം ജീവന്മാരായും അനേകം ഈശ്വരന്മാരായും ഗോചരീഭവിക്കുന്നുവെന്നുമാത്രം.

ജീവന്മാർ അനവധിയാണെങ്കിലും ഈശ്വരൻ ഏകനാണല്ലോ. ആ സ്ഥിതിക്കു് ''അനേകം ഈശ്വരന്മാരായും ഗോചരീഭവിക്കുന്നു'' എന്നെങ്ങിനെ പറയും എന്നാണെങ്കിൽ, പുണ്യക്ഷേത്രങ്ങളിലും ഗ്രാമങ്ങളിലും ഗൃഹങ്ങളിലും 'ശിവൻ', 'വിഷ്ണു' എന്നീ മൂർത്തിഭേദത്തോടെ സ്ഥിതിചെയ്യുന്നതുകൊണ്ടുതന്നെ. മണ്ണു്, കല്ലു്, ലോഹം മുതലായ വസ്തുക്കളാൽ നിർമ്മിതമായ ഈ മൂർത്തികൾ ഈശ്വരനാവുന്നതെങ്ങിനെ എന്നു ചോദിക്കാം. ശാസ്ത്രത്തിൽ വിശ്വസിക്കുന്ന ഏവരും അനവധി ദ്രവ്യം ചെലവുചെയ്തു് ആ മൂർത്തികളിൽ അഭിഷേകനൈവേദ്യാദികളെ അർപ്പിക്കുന്നു എന്നതുതന്നെ ഈ മൂർത്തികളുടെ ഈശ്വരത്വത്തിന്നു കാരണം. ശാസ്ത്രങ്ങളിൽ അവിശ്വാസികളായ മ്ലേച്ഛന്മാരെ നമുക്കിവിടെ കണക്കിലെടുക്കേണ്ടതില്ല; ശ്രദ്ധാവാന്മാരായവരെ മാത്രമേ ഈ വക വിഷയങ്ങളിൽ ഉദാഹരിക്കേണ്ടതുള്ളു. കൂടാതെ മലമൂത്രാദികളെക്കൊണ്ടു നിറഞ്ഞതും, ത്വക്കു്, മാംസം ചോര, കൊഴുപ്പു്, മജ്ജ, അസ്ഥി മുതലായവയാൽ നിർമ്മിതവുമായ സ്വശരീരത്തിൽ 'ആത്മാവെ'ന്ന ഭാവനയെ വച്ചുപുലർത്തുന്നവർക്കു് എന്തുകൊണ്ടു് അത്യന്തശുദ്ധങ്ങളായ ഈ മൂർത്തികളിൽ ഈശ്വരബുദ്ധിയുണ്ടായിക്കൂടാ?

ഈ വിധം ഏകമായ അനാത്മാവാണു് കാര്യരൂപേണ അനവധിയായിത്തീർന്നിരിക്കുന്നതെന്നും, ഏകനായ ആത്മാവിന്നു് അനാത്മകാര്യോപാധിസംബന്ധംകൊണ്ടാണു് അനേകത്വം സംഭവിച്ചതായി തോന്നുന്നതു് എന്നും ഉള്ളതിന്നു ദൃഷ്ടാന്തവും ഇല്ലാതില്ല. ഒരേ ഭൂമിതന്നെയാണു് അതിന്റെ വികാരങ്ങൾ എന്ന നിലയ്ക്കു്, പർവ്വതമായും, ഗോപുരമായും, മരമായും, നെല്പുരയായും, കലവറയായും, വീടായും, മൈതാനമായും, കുടമായും രൂപാന്തരപ്പെട്ടു കാണപ്പെടുന്നതു്. ഇതേപ്രകാരം തന്നെയാണു് കാരണരൂപിയായ 'മൂലപ്രകൃതി' അതിന്റെ കാര്യശരീരരൂപേണ അനേകമായി രൂപംകൊണ്ടിട്ടുള്ളതു്. അതേപ്രകാരം, ആകാശം ഏകവും സർവ്വവ്യാപിയും ആയിരുന്നിട്ടും, പൃഥിവീകാര്യങ്ങളായ കുടം,

മഠം മുതലായവയോടുള്ള സംബന്ധം നിമിത്തം 'ഘടാകാശം', 'മഠാകാശം' എന്നെല്ലാം നാനാത്വത്തേന അറിയപ്പെടുന്നതുപോലെ, ആത്മാവ് ഏകനാണെന്നിരിക്കിലും നാനാശരീരങ്ങളാകുന്ന ഉപാധികളുമായുള്ള സംബന്ധംമൂലം, അവയിൽ പ്രവേശിച്ചപോലെ, ദേവൻ, മനുഷ്യൻ, രാമൻ, കൃഷ്ണൻ, ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ, പശു, പക്ഷി, കൃമി, കീടം എന്നീ നാനാഭാവങ്ങളോടെ കാണപ്പെടുന്നതായി തോന്നുന്നു. ആത്മാവിന്റെ അവിച്ഛിന്നഭാവത്തിന്നു് ഇതു ദൃഷ്ടാന്തമാണു്. പ്രതിബിംബഭാവമാണു് ഇനിയൊന്നു്. അതിന്നും ഉദാഹരണം പറയാം. ഒരേ ജലംതന്നെ ഏതുപ്രകാരം സമുദ്രമായും, തടാകമായും, പുഴയായും, കുളമായും, കിണറായും കാണപ്പെടുന്നുവോ, ഈ സമുദ്രാദി നാനാ ജലാശയങ്ങളിൽ ഓരോന്നിലും ഒരേ സൂര്യൻ എങ്ങിനെ വെവ്വേറെയായി പ്രതിബിംബിച്ചു കാണപ്പെടുന്നുവോ, അതേ പ്രകാരം ഒരേ ആത്മാവു് അന്തഃകരണസഹിതങ്ങളായ എല്ലാ ശരീരങ്ങളിലും പ്രതിബിംബിച്ചു് അനേകനായി കാണപ്പെടുന്നു. ജലത്തിന്നു സംഭവിക്കുന്നതായ ചലനം ജലത്തിൽ പ്രതിബിംബിച്ചു കാണുന്ന സൂര്യനേയും ചലിപ്പിക്കുന്നുണ്ടെങ്കിലും, വാസ്തവത്തിൽ പ്രതിബിംബത്തിന്നാധാരഭൂതമായ സൂര്യബിംബത്തെ അതു ചലിപ്പിക്കുന്നില്ല. അതേവിധം, അന്തഃകരണധർമ്മങ്ങളായ കർത്തൃത്വവും ഭോക്തൃത്വവും ആ അന്തഃകരണത്തിലൂടെ പ്രതിബിംബിക്കുന്ന ചിദാഭാസത്തെ മാത്രമേ സ്പർശിക്കുന്നുള്ളു; ആ പ്രതിബിംബത്തിന്നാധാരമായ ആത്മഭാവത്തെ ഒരിക്കലും ബാധിക്കുന്നില്ല. ആകയാൽ യഥാർത്ഥത്തിൽ ജീവാത്മാവു തന്നെ പരമാത്മാവു്—പരമാത്മാവുതന്നെ ജീവാത്മാവു്. മഹത്തായ ബാഹ്യാകാശവും ഘടാകാശവും ഏതുവിധം ഒന്നുതന്നെയാണോ, അതേവിധംതന്നെ ദേഹഗതമായി അവഭാസിക്കുന്ന ആത്മാവും സർവ്വവ്യാപിയായ പരമാത്മാവും ഒന്നുതന്നെയെന്നു് അറിഞ്ഞുകൊൾക.

(തുടരും)

# ഉത്തരഖണ്ഡപര്യടനം

## (സ്വാമി ദയാനന്ദതീർത്ഥ)

[ തുടർച്ച ]

ഏതാണ്ടു് പത്തരമണിയോടുകൂടി ഞങ്ങൾ തുംഗനാഥത്തുനിന്നും യാത്രയായി. പടിഞ്ഞാറെ ചരിവിലൂടെ മുകളിലെത്തി, കിഴക്കേച്ചരുവിലൂടെ കീഴോട്ടിറങ്ങുകയാണു്. കടുംതൂക്കായ ഇറക്കമാണു് തുടക്കം മുതലേ. അവിടെനിന്നിനിയും ചാമോളിയിലെത്താൻ പതിനാറു മൈൽ ദൂരം നടക്കണം. അന്നു ചാമോളിയിലെത്തിച്ചേരണമെന്നാണു് ഞങ്ങളുടെ ആഗ്രഹം. ആദ്യമാദ്യം കുറെയെല്ലാം തെളിഞ്ഞ കാലാവസ്ഥയായിരുന്നു. പക്ഷേ ഇറങ്ങി ഇറങ്ങിച്ചെല്ലുമ്പോഴേയ്ക്കും മട്ടു മാറിക്കണ്ടു. കട്ടിയായ മൂടൽമഞ്ഞു വന്നടിഞ്ഞു ദിക്കാസകലം മറയുകയാണു്. ഞങ്ങൾ ഗതിവേഗം അല്പമൊന്നു് വർദ്ധിപ്പിക്കാൻ ശ്രമിച്ചു. പക്ഷേ അതപകടകരമാണു്. ഉരുണ്ടുകൂടിയ മൂടൽമഞ്ഞിനിടയിൽക്കൂടി നടക്കുമ്പോൾ ശ്രദ്ധ കൂടിയേ തീരൂ. അങ്ങിനെ കുറേദൂരംകൂടി താണ്ടിയപ്പോൾ പുതിയ രാജപാത പണിയുന്നിടത്തെത്തി. ഇത്രയും ദുർഘടമായ വഴി ഇതുവരേയും ഞങ്ങൾ തരണം ചെയ്തിട്ടില്ല. വഴി തീരെ ഇല്ല. ഉള്ളതുതന്നെ ഇടിച്ചുതകർത്തു മണ്ണും, ചളിയും, പാറയുമായി കുഴഞ്ഞുമറിഞ്ഞു കിടക്കയാണു്. ചിലയിടത്തു കണങ്കാൽവരെ താഴുന്ന ചളിയിലൂടെ മല കയറിക്കടക്കണം, ചാലുകൾ ചാടിക്കടക്കണം, മുള്ളും വള്ളിയും ചവുട്ടി മെതിക്കണം. പക്ഷേ ഇതുകൊണ്ടൊന്നും മതിയായില്ല എന്നു തോന്നുമാറു് അല്പാല്പം മഴയും ചാറിത്തുടങ്ങി. മൂടൽമഞ്ഞു കൂടുതൽ കൂടുതൽ ഘനീഭവിക്കയാണു്. മഴ ചാറാൻ തുടങ്ങിയതോടുകൂടി കാൽ വെച്ചിടത്തു് ഉറക്കാതേയും ആയിത്തുടങ്ങി. ഇതൊരു വലിയ ബുദ്ധിമുട്ടാണു് കടുംതൂക്കായ മലഞ്ചെരിവിൽ, ദുർഘടമായ മാർഗ്ഗത്തിൽ, മൂടൽമഞ്ഞുകൊണ്ടു യാതൊന്നും കാണാൻപാടില്ലാത്ത അവസരത്തിൽ, ശരീരം അടവി കയറിയ വേലനേപ്പോലെ അടിമുടി വിറച്ചുകൊണ്ടിരിക്കുമ്പോൾ, കാലുറക്കാതേയുംകൂടി വന്നാലത്തെ അവസ്ഥ ഒട്ടുംതന്നെ അസൂയാർഹമല്ല. പക്ഷേ വരുന്നിടത്തു കാണാമെന്ന ഭാവത്തിൽ നടക്കുകയാണു് ഞങ്ങൾ. കഷ്ടിച്ചു മൂന്നുനാലടിയിലേറെ മുന്നോട്ടു കാണാൻപാടില്ലാത്ത മട്ടിൽ മൂടൽമഞ്ഞു വന്നു തിങ്ങി നിറ

ഞ്ഞുകഴിഞ്ഞു. എന്നാൽ അതേപ്പററി വളരെ അധികമൊന്നും വിഷമിക്കാതെ, തമ്മിൽ തമ്മിൽ പലതും സംസാരിച്ചുകൊണ്ടു നടന്നിരുന്ന ഞങ്ങളോടു് അങ്ങു താഴെ നിന്നു് ആരോ എന്തോ വിളിച്ചുപറയുന്നു. ഞങ്ങൾക്കു വഴിപിഴച്ചെന്നും അതിനാൽ തിരിഞ്ഞു നടന്നുകൊള്ളാനുമാണു് അവരുടെ ആജ്ഞ. കാര്യമറിയാതെ ഞങ്ങൾ അവിടെ നിന്നു. അനന്തരം ചുററുപാടും ഒന്നു ചുഴിഞ്ഞുനോക്കുമ്പോളാണു് വസ്തുത മനസ്സിലാകുന്നതു്. അഗാധമായ ഒരു ഗർത്തത്തിൻെറ സമീപമാണു് ഞങ്ങളുടെ നില്പു്. അവിടുന്നിനിയും ഒരഞ്ചാറു ചുവടുകൾകൂടി മുന്നോട്ടു നീങ്ങിയാൽ വഴി അവിടെ അവസാനിക്കയാണു്. ഒരു കടുംതൂക്കായ പാറക്കെട്ടാണതു്. അവിടുന്നിനിയും അടുത്ത പാറ വെടിവെച്ചുപൊളിച്ചുവേണം മുന്നോട്ടുള്ള വഴി വെട്ടിത്തീർക്കുവാൻ. വളരെ അപായകരമായ ഒരു സ്ഥാനത്താണു് എത്തിച്ചേർന്നിട്ടുള്ളതു്. ഞങ്ങളുടെ സംസാരം കേട്ടു വഴിതെററി വരികയാണെന്നു മനസ്സിലാക്കി താഴെ നിന്ന കൂട്ടർ വിളിച്ചുപറഞ്ഞ ശബ്ദമാണു് ഞങ്ങൾ കേട്ടതു്. ഏതായാലും ഇനിയും തിരിച്ചു നടന്നേ പററൂ. ശരിയായ വഴി കണ്ടുപിടിക്കാൻ നന്നേ പാടുപെട്ടു. അത്യധികം വിഷമമേറിയ ഒരു വഴിയാണതു്. തട്ടിയും, മുട്ടിയും, തടഞ്ഞും, ചാടിക്കയറിയും, പിടിച്ചുതൂങ്ങിയും, വലിഞ്ഞുനീങ്ങിയും, ഉരുണ്ടും, പിരണ്ടും, കുറേ ദൂരം മുന്നോട്ടു ചെന്നപ്പോൾ കഷ്ടിച്ചു നടക്കാൻ പററിയ വഴിയിൽ എത്തി. അവിടെനിന്നും ഒരരമൈൽ ദൂരം പിൻതള്ളിയ ഞങ്ങൾ ഉന്നതന്മാരായ ദേവദാരുവൃക്ഷങ്ങൾ ഇടതിങ്ങിവളരുന്ന ഒരു വനത്തിൽ എത്തിച്ചേർന്നു.

മഴ ക്രമേണ കൂടിക്കൂടി വരികയാണു്. ഇരുണ്ട മേഘമാലകൾ ആകാശം മൂടി മറച്ചു. മൂടൽമഞ്ഞു് ഒഴിഞ്ഞുപോയെങ്കിലും ഇരുളിനൊരു കുറവുമില്ല, മാത്രമല്ല വൃക്ഷങ്ങളുടെ ഇടയിൽ പെട്ടപ്പോൾ ഇരുളൊന്നുകൂടി ഉരുണ്ടുകൂടി. പകൽ പന്ത്രണ്ടുമണി പാതിരാവായി മാറി. ഭയാനകമായ ഒരന്തരീക്ഷം. ഹിമവാൻ കൊടുംക്രൂരനായി മാറുകയാണു്. രൂക്ഷങ്ങളായ ദംഷ്ട്രകൾ ഇളിച്ചുകാട്ടുംമട്ടിൽ അവിടവിടെയായി മിന്നൽപ്പിണരുകൾ പുറപ്പെട്ടുതുടങ്ങി. ഇരമ്പുന്ന മേഘഗർജ്ജനങ്ങൾ കരളിനെ കിടിലംകൊള്ളിച്ചു. ക്രമേണ കാററിനും ഊററം കൂടിത്തുടങ്ങി. ഒന്നിനു പിറകേ ഒന്നായി ആഞ്ഞാഞ്ഞു വീശുന്ന ചാട്ടകൾ പോലെ ചൂളം വിളിച്ചുകൊണ്ടു് അടിച്ചുപാളുകയാണു് കൊടുങ്കാററു്. ഉന്നതന്മാരായ തരുവരന്മാരെ വളച്ചും പിരിച്ചും തിരിച്ചും

കൊണ്ടു് വൃക്ഷവൃക്ഷം അലറിയലയ്ക്കുന്ന കാററിന്റെ ശക്തി അസഹ്യമായിത്തീൻ. തങ്ങളുടെ ഔന്നത്യത്തിലും, ആകാരഭംഗിയിലും, അതുല ശക്തിയിലും അഹങ്കരിച്ചു് "അമ്പട ഞാനേ!" ഭാവിച്ചുനിന്ന തരുവരന്മാർ നട്ടെല്ലു കുനിച്ചു് "അജ്ഞാതപാ തേ മഹത്വം" എന്നു് വിനീത ഭാവനയോടെ നമസ്കരിക്കയാണു് വായുഭഗവാനെ. എന്നാൽ നിസ്സാരന്മാരെന്നു തിരസ്കരിച്ചിരുന്ന തൃണാങ്കുരങ്ങളോ? ഈ കോലാഹലമെല്ലാം കണ്ടു തലയാട്ടി രസിക്കയാണവർ. എത്ര വലിയ കൊടുങ്കാററു വന്നാലും അവക്കൊന്നും സംഭവിക്കുവാൻ പോകുന്നില്ല. ചിലപ്പോഴെങ്കിലും ഒന്നത്വം അപകൃഷ്ടമായി മാറുമെന്നതിനു സ്പഷ്ടമായ ഒരു ദൃഷ്ടാന്തം. ക്രമേണ പേമാരി മഹാമാരിയായി മാറി. 'തുള്ളിക്കൊരു കുടം' എന്ന രീതിയിൽ മഴ കോരിച്ചൊരിയുവാൻ തുടങ്ങി, അടുത്തെങ്ങും ഒരഭയ സ്ഥാനവും ഇല്ല. ഒരു ചട്ടിയോ, ജനവാസയോഗ്യമായ മററിടങ്ങളോ എവിടെയാണെന്നുപോലും ഒരു ബോധവുമില്ല. അടുത്തു കണ്ട ഒരു വമ്പൻദേവദാരുവിന്റെ കീഴിൽ അഭയം തേടുകയായി ഞങ്ങൾ. നിവത്തിയ പ്ലാസ്റ്റിക്കു് ഷീററുകൾകൊണ്ടു ഭാണ്ഡവും, കഴിയുന്നത്ര ശരീരവും നനയാതെ കഴിക്കുവാൻ ശ്രമിച്ചുകൊണ്ടു മരത്തിനോടു ചേന്നു നില്പായി.

അതാ! അടുത്ത മരത്തിന്റെ കീഴിൽ രണ്ടുപേർ പററിക്കൂടിയിരിക്കുന്നു. ഒരു യുവാവും അയാളുടെ ഭാര്യയും. കഷ്ടിച്ചു് ഒരു വയസ്സായ അവരുടെ കുട്ടിയെ മഴ നനയാതെ രക്ഷിക്കാൻ കഴിയുംവണ്ണം പരിശ്രമിക്കയാണവർ. എന്നാൽ ഈ പെരുമഴയത്തു് അവക്കെന്താണു് ചെയ്യാൻ കഴിയുക? തണുപ്പേററു കുട്ടി വല്ലാതെ കരയുന്നുണ്ടു്. ചതുർധാമങ്ങൾ മുറപ്രകാരം സന്ദർശിക്കാൻ പുറപ്പെട്ടവരാണിവരും. വഴിയിൽ വച്ചു് ഇതിനുമുൻപു പല പ്രാവശ്യം ഇവരെ ഞങ്ങൾ കൂട്ടിമുട്ടിക്കഴിഞ്ഞു. യാതൊരു ക്ലേശവുമില്ലാതെ, കുട്ടിയേയും മററു യാത്രാസാമഗ്രികളേയും ഭേസിക്കൊണ്ടു് അച്ഛനും, ചില്ലറ സാധനങ്ങൾ വഹിച്ചുകൊണ്ടു് അമ്മയും, ആയാസരഹിതമായി യാത്രചെയ്യുകയാണു്. ഇവരുടെ ഉത്സാഹപൂർണ്ണമായ യാത്ര ഞങ്ങളിൽ അവരെക്കുറിച്ചു കൗതുകവും ബഹുമാനവും വളർത്തിയിരുന്നു. 'ആലിഗർ' സ്വദേശികളാണിവർ. റയിൽവേ ഫാക്ടറിയിൽ ഒരു ജോലിക്കാരനാണയാൾ. എല്ലാക്കൊല്ലവും മുറപ്രകാരമുള്ള ഒഴിവു കിട്ടിയാൽ കുടുംബസമേതം ഇത്തരം തീർത്ഥ

യാത്രകഠം നടത്തുകയാണയാളുടെ പതിവു്. ഇക്കൊല്ലം ഹിമാലയത്തിലേയ്ക്കാണു് പുറപ്പെട്ടതു്. അതികൃച്ഛ്രമായ ഈ തപശ്ചര്യ അത്യന്തം സമ്ഭാവനയോടെ അവർ നടത്തിവന്നിരുന്നതാനും.

മഴയത്തു കുട്ടിയുമൊത്തു കഷ്ടപ്പെടുന്ന ഇവരെക്കണ്ടു്, ഞങ്ങളുടെ രക്ഷാകവചങ്ങളായ ഷീററുകഠം അവക്ക് കൊടുത്തു. രണ്ടു ഷീററുകഠം കൊണ്ടു് അവർ രണ്ടുപേരും കുട്ടിയും, ഒരുവിധേന മഴയിൽനിന്നും കുറേയെല്ലാം രക്ഷ നേടി. ഞങ്ങളാകട്ടെ കുറച്ചു് ഉരുളൻ പാറകഠം പെറുക്കിക്കൂട്ടി അതിന്നുമുകളിൽ സഞ്ചികളും കെട്ടുകളുമെല്ലാം അടുക്കിവച്ചു് മൂന്നാമത്തെ ഷീററുകൊണ്ടു് അതെല്ലാം ഭദ്രമായി മൂടിയശേഷം കാററിനേയും മഴയേയും വെല്ലുവിളിച്ചുകൊണ്ടു മരച്ചുവടുപററി നിലയായി. ഇത്രമാത്രം ദുർഘടമായ ഈ ഘട്ടം വളരെ രസകരമായ ഒരു പ്രത്യേകാനുഭവമായി ഞങ്ങഠംക്കനുഭവപ്പെട്ടു എന്നു പറയുന്നതിൽ അതിശയോക്തി ലേശംപോലുമില്ല. സമയം കുതിച്ചുപാഞ്ഞു മുന്നേറുകയാണു്. മഴ കുറയുന്ന ഭാവമേയില്ല. അല്പമൊന്നു ശാന്തമാകും, വീണ്ടും പൂർവ്വാധികം വദ്ധിക്കും. ഇങ്ങിനെ എത്ര നേരമാണവിടെ നില്ക്കുക. ഏതായാലും അടുത്ത ചട്ടിയിലേയ്ക്കു നടക്കയായിരിക്കും നല്ലതെന്നു ഞങ്ങഠം ആ ദമ്പതികളെ പറഞ്ഞു മനസ്സിലാക്കി. അവർ അതനുസരിക്കാൻ തീരുമാനിച്ചു. ആ പ്ലാസ്റ്റിക്ക്ഷീററുകഠംകൊണ്ടു് ഒരുവിധം മഴയിൽനിന്നു രക്ഷപ്പെട്ടുകൊണ്ടു് അവർ യാത്ര തിരിച്ചു. നേരം പിന്നേയും കുറേക്കഴിഞ്ഞു. മഴ കുറയാനുള്ള ലക്ഷണമൊന്നുമില്ല. തണുപ്പു് അസ്ഥികളേപ്പോലും തുളയ്ക്കുവാൻ തുടങ്ങുകയാണു്. ഇനിയും ഇങ്ങിനെ ഇവിടെ ചടഞ്ഞുകൂടുന്നതു യുക്തിപൂർവ്വമല്ലെന്നു തോന്നിത്തുടങ്ങി. പുതയ്ക്കാനുള്ള കമ്പിളികഠം നിവർത്തു ഭാണ്ഡങ്ങളെയെല്ലാം മൂടി മഴയിൽനിന്നും രക്ഷിക്കാൻ ശ്രമിച്ചുകൊണ്ടു ഞങ്ങഠം ആ മഴയത്തൊരു നടത്തം തുടങ്ങി. ഇതു കാത്തിരിക്കയായിരുന്നു എന്നു തോന്നുംവണ്ണം മഴയും കാററും കൂടുതൽ ശക്തിയോടെ ആക്രമണവും തുടങ്ങി. ഞങ്ങളുടെ പുതപ്പും ഭാണ്ഡങ്ങളും എല്ലാം നനഞ്ഞു കുതിന്നു. ക്രമേണ അതിന്റെ ഭാരവും വദ്ധിച്ചുതുടങ്ങി.

മലമുകളിൽനിന്നു ചരിവുകളിലൂടെ വെള്ളം കുത്തിയൊലിച്ചു പായുന്നു. വഴിയറിയാൻ യാതൊരു മാർഗ്ഗവുമില്ല. കാൽ എവിടെ വെച്ചാലും ഉറയ്ക്കാതെയായി. പിച്ചനടന്നു പഠിക്കുന്ന കുട്ടികളെപ്പോ

ലെ ഉരുണ്ടുവീണും, പിടഞ്ഞെഴുന്നേററും, മുട്ടുകുത്തിയും, വാട്ടം തെററുകയാൽ വട്ടം ചവുട്ടിയും, പതുക്കെപ്പതുക്കെ മുന്നോട്ടു നടക്കയാണ്. കുറേച്ചെന്നപ്പോഠം മുന്നോട്ടു പോകാൻ വയ്യാതായി. വനത്തിനുള്ളിൽ ഞങ്ങഠംക്കു വഴിയും പിഴച്ചു. പക്ഷേ വലതുഭാഗം നീങ്ങി അല്പം ദൂരെയായി ഒരു കുടിൽ കണ്ടപ്പോഠം ഞങ്ങഠം അത്യധികം സന്തുഷ്ടരായി. ഈ പേമാരിയിൽനിന്നു രക്ഷനേടാൻ ഒരഭയസ്ഥാനം കണ്ടെത്തിയതിലുള്ള ആഹ്ലാദത്തോടെ, വളരെ വിഷമിച്ചാണെങ്കിലും, വല്ല പ്രകാരവും കുടിലിനുമുൻപിൽ ചെന്നെത്തി. അതിനുള്ളിൽ ഒരഗ്നികുണ്ഡം കത്തിക്കാളുന്നതിനു ചുററുമായി ഒരഞ്ചാറാളുകഠം വട്ടമിട്ടിരുന്നു തീകാഞ്ഞു സുഖിക്കയാണ്. ഞങ്ങളുടെ ഇപ്പോഴത്തെ ചുററുപാടിൽ വളരെ പ്രലോഭനകരമായ ഒരന്തരീക്ഷമാണതു്. ആ തീജ്വാലകഠം കാവിവസ്ത്രം ധരിച്ച ഞങ്ങളെ കയ്യുയർത്തി മാടിവിളിക്കുന്നതായി തോന്നി. പക്ഷേ ഇതെല്ലാം വെറും ഭാവനകഠംമാത്രമായിരുന്നു. ഈ സന്തുഷ്ടിയും ആശകളും എല്ലാം ചുററിയടിക്കുന്ന കൊടുങ്കാററിൽ പറപറക്കാൻ താമസം വേണ്ടിവന്നില്ല. ആ തീ കാഞ്ഞുകൊണ്ടിരിക്കുന്നവർ വാതുക്കൽ മഴയും നനഞ്ഞു നില്ക്കുന്ന ഞങ്ങളെ അകത്തേയ്ക്കു കാലെടുത്തു കുത്തുവാൻ പോലും അനുവദിച്ചില്ല. അവിടെനിന്ന് അവരെ ശല്യംചെയ്യാതെ വേറെ വല്ലയിടത്തും പോകുവാൻ ആജ്ഞാപിച്ചു. വഴി തെററിയ ഞങ്ങഠം ഏതു വഴിയേ പോയാൽ അടുത്ത ചട്ടിയിൽ എത്തുമെന്നു ചോദിച്ചതിന്, വന്ന വഴിയേതന്നെ തിരിച്ചുപോയി അവരെ മിനക്കെടുത്താതിരിക്കുവാനുള്ള ഒരു ക്രൂരശാസനംമാത്രം മറുപടിയായി ലഭിച്ചു. ഇനിയും തിരിഞ്ഞുനടക്കയേ നിവൃത്തിയുള്ളു.

ഇത്രമാത്രം ദാക്ഷിണ്യരഹിതമായ ഒരു പെരുമാററം അധികം പേക്കും അനുഭവപ്പെട്ടു കാണുകയില്ല. അവിടെ റോഡു പണിയാൻ ഏല്പ്പെട്ടിരുന്ന കൂലിക്കാരായിരുന്നു അവർ. വിദ്യാഭ്യാസവും സംസ്കാരവും തീണ്ടാൻപോലും അവസരം ലഭിക്കാതെ ജീവിതം നയിച്ചുവന്ന അവരുടെ ഇത്തരം പെരുമാററത്തിൽ ഞങ്ങഠംക്കു സഹതാപമേ തോന്നിയുള്ളു. പക്ഷേ ഞങ്ങഠംക്കവരുടെ പേരിൽ ഉണ്ടായ സഹതാപം മഴയ്ക്കു ഞങ്ങളുടെ പേരിൽ നിശ്ശേഷം ഉണ്ടായില്ല. വല്ലിളിച്ചുകാട്ടിയും, ആർത്തട്ടഹസിച്ചും, ചരൽ വാരിയെറിയുന്നതുപോലെ അലച്ചു പെയ്യുകയാണ് മഴ. മലഞ്ചെരുവുകളിൽ നിരന്നു പരന്നു കുതിച്ചു പായുക

യാണ് കലങ്ങിമറിഞ്ഞ മലവെള്ളം. മുട്ടോളം വെള്ളത്തിലൂടെയാണ് ഞങ്ങളിപ്പോൾ നടന്നു നീങ്ങുന്നതു്; കാലു വയ്ക്കുന്നിടമെല്ലാം വഴിയായിക്കരുതിക്കൊണ്ടു്. എങ്ങോട്ടാണ് പോകുന്നതു് എവിടെയാണ് ചെന്നു ചാടുവാൻ പോകുന്നതു് എന്നൊന്നും ഒരു നിശ്ചയവും ഇല്ലാത്ത ഒരു യാത്രയാണിതു്. പക്ഷേ ഈശ്വരഹിതമെന്നേ പറയേണ്ടു. എങ്ങിനെയോ ഞങ്ങൾ ചെന്നു പെട്ടതു ശരിയായ മാർഗ്ഗത്തിൽതന്നെയായിരുന്നു. വിസ്തൃതമായ ഹിമാലയ ഗഹനതയിൽ വഴി പിഴച്ചാൽ അതൊരു വലിയ ബുദ്ധിമുട്ടുതന്നെയാണ്. എന്നാൽ എങ്ങിനെയോ, ഞങ്ങൾക്ക് ആ ദുർഘടംകൂടി താണ്ടേണ്ടതായി വന്നില്ല. ഇങ്ങിനെയുള്ള വിഷമഘട്ടങ്ങളിലും മനഃപ്രയാസം നിശ്ശേഷം ഉണ്ടാകാതിരിക്കാമെന്നു മാത്രമല്ല മനപ്രസാദം സുലഭമായി ലഭിക്കുമെന്നും നിതരാം വ്യക്തമായതാണ് ഈ ഹിമാലയപര്യടനത്തിൽനിന്നും ലഭിച്ച ഒരു മഹാലാഭം എന്നാണ് ഈയുള്ളവൻ ഇന്നും കരുതുന്നതു്. ഇതൊരു വലിയ ലാഭമല്ലയോ? ഇങ്ങിനെ ലാഘവബുദ്ധിയോടുകൂടി ചരിച്ചതുകൊണ്ടാകാം ഈശ്വരൻ ഞങ്ങളെ വളരെ അധികം ചുററിത്തിരിയാൻ അനുവദിക്കാതെ നേർവഴി കാട്ടിത്തന്നതു് എന്നു വിചാരിക്കുന്നതിൽ അസാംഗത്യം അശേഷമില്ല. ഇപ്പോഴും ശരിയായ വഴിയിലൂടെയാണ് നടക്കുന്നതെന്ന ഉറപ്പു ഞങ്ങൾക്കില്ല. മുൻപു പരിചയമില്ലാത്ത ദിക്കിൽ വെള്ളം കുത്തിയൊലിച്ചുകൊണ്ടിരിക്കുന്ന ഒരു വഴിയെപ്പററി എങ്ങിനെയാണ് ഒരു തീരുമാനം ഉണ്ടാകുക. എന്നാൽ വളരെ അധികം നേരം അങ്ങിനെ വിഷമിക്കേണ്ടിവന്നില്ല. ഞങ്ങൾ രക്ഷാസ്ഥാനം തേടി അയച്ചിരുന്ന കൂട്ടരിൽ, പുരുഷൻ തന്റെ ഭാര്യയേയും കുട്ടിയേയും ഏതാണ്ടു് ഒരു മൈൽ അപ്പുറമുള്ള ഒരു ചട്ടിയിൽ കൊണ്ടാക്കിയതിനുശേഷം ഞങ്ങളെ തേടി തിരികെ വരികയാണ്. പിന്നീടു സംശയമൊന്നുമുണ്ടായില്ല. നനഞ്ഞു കുഴഞ്ഞു്, തണുത്തു വിറച്ചു്, വലിഞ്ഞിഴഞ്ഞു ചട്ടിയിൽ ചെന്നപ്പോൾ നേരം ഏതാണ്ടാറര മണി ആയിരുന്നു. നനഞ്ഞു കുതിർന്ന വസ്ത്രങ്ങളും കംബളങ്ങളും പിഴിഞ്ഞു് ഉണക്കുവാൻ ഇട്ടശേഷം ഉദാരമതിയായ ആ പുതിയ സ്നേഹിതന്റെ പത്നി തയ്യാറാക്കിത്തന്ന ചൂടുള്ള റൊട്ടിയും ഭുജിച്ചു് ഉറങ്ങാൻ കിടന്ന ഞങ്ങളിൽ നിദ്രാദേവി പരിപൂർണ്ണാനുഗ്രഹാശിസ്സുകളെ വർഷിച്ചു. സർവ്വവിസ്മൃതിയിൽ ഭാവവിത്യാസങ്ങൾക്കോ അവസ്ഥാവ്യത്യാസങ്ങൾക്കോ ഇടമില്ലാത്ത പരമ ശാന്തിയിൽ ഞങ്ങൾ നിർലീനരായി.

ഉറങ്ങിക്കിടന്നിരുന്ന ഞങ്ങൾ ആരെല്ലാമോ ഉച്ചത്തിലുച്ചത്തിൽ സംസാരിക്കുന്ന ശബ്ദം കേട്ടു് ഉണൎന്നു. കുറച്ചു നേരം ശ്രദ്ധിച്ചപ്പോൾ കാൎയ്യം മനസ്സിലായി. യാതൊരു വിഭവങ്ങളും തന്നോടു വാങ്ങാത്തവൎക്കു ചട്ടിയിൽ വിശ്രമിക്കാനുള്ള അവകാശത്തെ ആലിഗർ ദേശിയായ ഞങ്ങളുടെ പുതിയ സ്നേഹിതനോടു ചോദ്യം ചെയ്യുകയാണു് ചട്ടിയുടമ. ആ യുവാവും ഭാൎയ്യയും കുറച്ചെന്തോ വാങ്ങിയിട്ടുണ്ടു്. അതിനാൽ അവരുടെ കാൎയ്യത്തിൽ വിഷമമില്ല. പക്ഷെ അയാൾ വിളിച്ചു കയററിയ ഞങ്ങളുടെ കാൎയ്യമാണു് വിഷമം. ഒരു കാശിനുപയോഗമില്ലാത്ത മൂന്നാളുകൾ. അങ്ങിനെയുള്ളവൎക്കു കയറിക്കിടന്നുറങ്ങാനുള്ളതല്ല അയാൾ വിഷമിച്ചു കെട്ടിയുണ്ടാക്കിയ ഈ സ്ഥാനം. അതിനാൽ ഞങ്ങളെ അവിടെനിന്നും ഇറക്കിവിടണമെന്നാണു് അയാളുടെ വാദം. ഞങ്ങൾ വളരെ യോഗ്യന്മാരായ മഹാത്മാക്കളാണെന്നും, കയ്യിൽ കൊററില്ലാത്തതിനാൽ മാത്രമാണു് ഒന്നും വാങ്ങാതിരുന്നതെന്നും, ഇത്രമാത്രം വിപരീതമായ കാലാവസ്ഥയിൽ, ഹിമാലയമദ്ധ്യസ്ഥമായ ഈ കൊടുംകാട്ടിൽ, നനഞ്ഞു കുതിൎന്ന സാധനങ്ങളുമായി ഞങ്ങളെ ഇറക്കി വിടുന്നതു വളരെ കഷ്ടമാണെന്നും, അതു ദൈവദോഷമാകുമെന്നും മററുമെല്ലാം ഞങ്ങളുടെ സ്നേഹിതൻ ശക്തിയുക്തം വാദിക്കുന്നുണ്ടു്. പക്ഷേ അതൊന്നും അയാളുടെ ചെവിയിൽ ഏശുന്നമട്ടില്ല. അയാൾക്കു ഞങ്ങളെ പുറത്തു ചാടിച്ചേ പററൂ ഇതിൽ കൂടുതൽ ഞങ്ങൾക്കുവേണ്ടി ഏകനായി വാദിക്കാൻ ഞങ്ങളുടെ സ്നേഹിതനെ വിഷമിപ്പിക്കുന്നതു നന്നല്ലന്നു തോന്നി, പുരുഷോത്തമതീൎത്ഥ സ്വാമികൾ എഴുനേററു് അവരുടെ സമീപത്തേയ്ക്കു ചെന്നു. വളരെ വിനയപൂൎവ്വം അദ്ദേഹം പലതും പറഞ്ഞുനോക്കിയെങ്കിലും "അതിമൂഢനിവനോടെന്തനുസരിച്ചുരപ്പൂ— അതുമൂലം ഇവനുണ്ടോ അടങ്ങിപ്പോയിരിപ്പൂ" എന്ന ഭൈമീവാചകം തന്നെ അദ്ദേഹത്തിനും അനുഭവപ്പെട്ടു. ചട്ടിയിൽ സ്ഥലം ധാരാളം ഒഴിവുണ്ടായിട്ടും അയാളുടെ ലോഭം അയാളെ നിൎഘൃണനാക്കുകയാണു്. ഞങ്ങളെ ആ രാത്രിയിൽ അവിടെനിന്നും ഇറക്കി വിടുന്നതുകൊണ്ടു് അയാൾക്കു പ്രത്യേകിച്ചു യാതൊരാദായവും കിട്ടാനില്ല. അന്നു രാത്രിയിൽ, നേരം അത്ര അധികം ഇരുട്ടിക്കഴിഞ്ഞ നിലയ്ക്കു കൂടുതലാരും അവിടെവന്നു ചേരാൻ പോകുന്നില്ല. തീൎച്ച. ചട്ടിക്കുള്ളിലാണെങ്കിൽ വേണ്ടത്ര സ്ഥലം ഒഴിവുണ്ടുതാനും. ഈ നിലയ്ക്കു മനുഷ്യന്റെ ബുദ്ധിമുട്ടു കാണാൻ കൗതുകമുള്ള ഒരുഖലൻ മാത്രമേ അകിഞ്ചനരായ

സാധുക്കളോടു് ഇത്രമാത്രം ദയാഹീനമായി പെരുമാറുകയുള്ളു. സാധാരണയായി ഹിമാലയപ്രദേശങ്ങളിലുള്ള സത്രമുടമകൾ ദയാശീലരാണ്. സാധുസേവയിൽ അവരാലാവുംവണ്ണം ശ്രദ്ധയുള്ളവരുമാണ്. സാധുസേവ, അതിഥി പൂജ,. ഇതു ഭാരതീയസംസ്കാരത്തിന്റെ അത്യുന്നതമായി കരുതിപ്പോരുന്ന ധാർമ്മികമൂല്യമാണ്. "അതിഥി ദേവോ ഭവ" എന്നാണ് ഉപനിഷദ്വചനംതന്നെ. അതിഥിയെ ഈശ്വരനെപോലെ കരുതുക. ഇതുകൊണ്ടുതന്നെയാണ് ഗൃഹസ്ഥധർമ്മങ്ങളിൽ അത്യുന്നതമായി കരുതിപോരുന്നതും, ഒരു ഉത്തമനായ ഗൃഹസ്ഥന് ഒഴിച്ചുകൂടാൻ പാടില്ലാത്തതായി ധർമ്മശാസ്ത്രങ്ങൾ ഉൽഘോഷിക്കുന്നതുമായ "പഞ്ചമഹായജ്ഞ"ങ്ങളിൽ "മനുഷ്യയജ്ഞ"ത്തേയും ഉൾപ്പെടുത്തിയിട്ടുള്ളതു്. ഈ മനുഷ്യയജ്ഞം അതിഥിസേവയല്ലാതെ മറ്റൊന്നുമല്ല. മുൻകൂട്ടി അറിയിച്ചതിനുശേഷം വന്നുചേരുന്ന ധനികനോ, പ്രതാപിയോ, മററു രീതികളിലൂടെ ബഹുമാന്യനോ ആയ വ്യക്തിയല്ല ഭാരതീയ ഗൃഹസ്ഥന്റെ അതിഥി. മുന്നറിവില്ലാതെ (അതിഥി—അതായതു ദിവസക്ലിപ്തമില്ലാതെ) വന്നുചേരുന്ന അകിഞ്ചനനായ സാധുവാണ് ഗൃഹസ്ഥന് അഭികാമ്യനായ അതിഥി. അങ്ങിനെയുള്ള അതിഥികളെ പൂജിച്ചുപചരിച്ചതിനുശേഷം സ്വയം ഭക്ഷണം കഴിക്കുകയാണ് ഗൃഹസ്ഥധർമ്മം. തങ്ങൾക്കു പൂജ്യരായ അതിഥികളെ കിട്ടാതെ വരിക എന്നുള്ളതായിരുന്നു ഒരു ഗൃഹസ്ഥനുണ്ടാകാവുന്നതിൽ ഏററവും വലിയ ദുർഭാഗ്യമായി കരുതിപ്പോന്നിരുന്നതുതന്നെയും. സാധാരണ, ഗൃഹസ്ഥന്മാർ മുതൽ രാജാക്കന്മാർവരേയും ഈ നിയമത്തിൽനിന്നും ഒഴിവായിരുന്നില്ല. ഈ അതിഥിപൂജ വാനപ്രസ്ഥർക്കുപോലും ബാധകമായിരുന്നു. വരുന്ന അതിഥിയെ യഥോചിതം പൂജിക്കേണ്ടതു വനവാസിയുടേയും ധർമ്മമായിരുന്നു. ബ്രഹ്മചാരിയായ കൗത്സ്യനോടു വാനപ്രസ്ഥരായ മഹർഷിമാരുടെ യോഗക്ഷേമങ്ങളെപ്പററി 'രഘു' ചക്രവർത്തി അന്വേഷിക്കയാണ്.

> നീവാരപാകാദി കഡംകരീയൈ-
>     രാമൃശ്യതേ ജാനപദൈർന്ന കച്ചിൽ
> കാലോപപന്നാതിഥി കല്പ്യഭാഗം
>     വന്യം ശരീരസ്ഥിതിസാധനം വഃ.

അതിഥികൾക്കുള്ള വീതം ഉൾക്കൊണ്ടതും, സ്വയം ശരീരത്തെ നിലനിർത്താനുള്ളതുമായ നിങ്ങളുടെ വരിനെല്ലു മുതലായവ കന്നുകാലികൾ വന്നു നശിപ്പിക്കുന്നില്ലായിരിക്കുമല്ലോ? നോക്കുക, ചോദ്യത്തിലെ

# ജ്ഞാനാശ്രമവാർത്തകൾ

ഏപ്രിൽ പതിനെട്ടാം തീയതി മുതൽ കോട്ടയം തിരുനക്കര മൈതാനത്തിൽവെച്ചു സ്വാമി പൂർണ്ണാനന്ദതീർത്ഥ 18 ദിവസം നീണ്ടുനിൽക്കുന്ന ഒരു ജ്ഞാനയജ്ഞം സമാരംഭിച്ചു നടത്തിവരുന്നു.

മേയ്മാസം 10-ാം തീയതി മുതൽ കൊച്ചി (മട്ടാഞ്ചേരി)യിലുള്ള ബാങ്ക്ഹൗസ് ഹാളിൽവെച്ചു് 18 ദിവസം നീണ്ടുനില്ക്കുന്ന ഒരു യജ്ഞം സ്വാമി പൂർണ്ണാനന്ദതീർത്ഥ സമാരംഭിക്കുന്നതാണു്.

അദ്ദേഹത്തിന്റെ കൊച്ചിയിലെ മേൽവിലാസം:

SWAMI POORNANANDA TIRTHA
C/o, Y. N. P. TRUST,
COCHIN—2.

---

സാരം. മഹർഷിമാരായിരുന്നിട്ടുപോലും അവരുടെ ശരീരസന്ധാരണത്തിനേക്കാൾ രഘു പ്രാമാണ്യം കല്പിക്കുന്നതു് അതിഥിസേവനത്തിനാണു്. അതിഥികൾ തങ്ങളേക്കാൾ തുലോം താണവരായാൽപോലും, തങ്ങളുടെ ഗൃഹത്തിൽ അവർ ഈശ്വരതുല്യരാണു്. ഇതുതന്നെയാണു് ഭാരതധർമ്മത്തിന്റെ ഉൽക്കർഷവും എന്നുമുതലാണോ ഇത്തരത്തിലുള്ള അതിശുഭങ്ങളായ ഭാവങ്ങളിൽ സനാതനധർമ്മികൾ വിമുഖത ഭാവിച്ചു തുടങ്ങിയതു്, അന്നുമുതൽ ഭാരതവർഷത്തിന്റെ അധോഗതിയും ആരംഭിച്ചു.

പക്ഷേ ഞങ്ങളുടെ അന്നത്തെ ആതിഥേയൻ ഈ നിയമത്തിനെല്ലാം അതീതനായിരുന്നു. ഞങ്ങളെ ആ രാത്രിയിൽതന്നെ അവിടെ നിന്നും പുറംതള്ളാതെ അയാൾക്കു തൃപ്തിയാകുന്ന ലക്ഷണം കണ്ടില്ല. അയാളുടെ ഈ മർക്കടമുഷ്ടി കണ്ടപ്പോൾ "ശഠനോടു ശാഠ്യം" എന്ന നില ഞങ്ങളും സ്വീകരിച്ചു. ചട്ടി അയാളുടേതുതന്നെ; സമ്മതിച്ചു; പക്ഷേ ഈ രാത്രിയിൽ ഇറങ്ങിപ്പോകാൻ ഞങ്ങൾ തയ്യാറില്ല എന്നു തീർത്തും പറഞ്ഞു. മാത്രമല്ല ഇറക്കിവിടാൻ സാദ്ധ്യമെങ്കിൽ അങ്ങിനെ ചെയ്തുകൊള്ളാൻ ഒരു വെല്ലുവിളിയും നടത്തി. ഇതു് ഉദ്ദേശിച്ച ഫലം തന്നെ ചെയ്തു. ഇതേവരേയും അട്ടഹസിച്ചുകൊണ്ടിരുന്ന അയാളുടെ ശബ്ദം താനേ അടങ്ങി. പിന്നെ അയാൾ അവിടെ അധികം നിന്നില്ല. എന്തു വിചാരിച്ചാണാവോ അയാൾ നിശ്ശബ്ദനായി തിരിഞ്ഞു നടന്നു. ഞങ്ങളാകട്ടെ മുൻപു കിടന്നിരുന്ന സ്ഥാനത്തു തിരിച്ചുചെന്നു തണുത്തു വിറച്ചുംകൊണ്ടു ചുരുണ്ടുകൂടിക്കിടന്നു് ആ നിശാശേഷം തള്ളിനീക്കി.

(തുടരും)

# KAIVALYA SUDHA

*AN ENGLISH MONTHLY.*

**Presenting the quintessence of practical Vedanta**

Published by:

## THE JNANA ASRAM

***On the 15th of every English month.***

**Rate of Subscription: Rs. 5/- per year.**

---

# ഹിമഗിരിയിലൂടെ

ജ്ഞാനപ്രഭയിൽ ഖണ്ഡശ പ്രസിദ്ധീകരിച്ചുവരുന്ന "ഉത്തര ഖണ്ഡപര്യടനം" പുസ്തകരൂപത്തിൽ.

ഗ്രന്ഥകർത്താ:

**സ്വാമി ദയാനന്ദതീർത്ഥ.**

ഈ മേയ്മാസം പതിനഞ്ചാം തീയതിയോടുകൂടി അച്ചടിച്ച് തയ്യാറാകും.

ജ്ഞാനപ്രഭയിലെ ഈ ലേഖനപരമ്പര തുടൎന്നു പോകുന്നതാണ്.

Reg. No. K. 434




Edited, printed and published by Swami Dayananda Teertha for Jnana Asram, Parlikad. Printed at the Geetha Press, Trichur.